# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP/P.12/1005/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/09/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-30 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/ALP/P.12/1005/2022 തീയ്യതി: 29/09/2022

## ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 31-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 08-08-2022 | 20-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-08-2022 | 20-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഫമിൻ.എസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ടീനു ടോം,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എ. എസ്. സുദർശൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. സെലീനമോൾ | സെക്രട്ടറി | 01-04-2021 | 25-06-2021 |
| ശ്രീ.സുരേഷ് എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-06-2021 | 07-07-2021 |
| ശ്രീമതി. അനീഷാബീഗം എ | സെക്രട്ടറി | 08-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മനോജ് ലൂക്കോസ് | കൃഷി ഓഫീസർ | 01-04-2021 | 20-12-2021 |
| ശ്രീമതി.ധനലക്ഷ്മി | കൃഷി ഓഫീസർ | 21-12-2021 | 31-03-2022 |
| ഡോ.അനീഷ് കെ ആർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.റസ്സൽബിന്ദ് കെ.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി.സന്ധ്യ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ഡോ.പ്രീതി | മെഡിക്കൽ ഓഫീസർ , പി. എച്ച്. സി, പുറക്കാട് | 01-04-2021 | 31-03-2022 |
| ഡോ.അഞ്ജന ചന്ദ്രൻ | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.നിഷ ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.റെജി അലക്സ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സോന എം | എച്ച്.എം.ഗവ.എൽ.പി.എസ് | 01-04-2021 | 14-02-2022 |
| ശ്രീമതി.സിന്ധു എസ് | എച്ച്.എം.ഗവ.എൽ.പി.എസ് | 15-02-2022 | 31-03-2022 |
| ശ്രീമതി.സിസി ആന്റണി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ഉമേഷ്കുമാർ യു | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ് എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 07-10-2021 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 08-10-2021 | 02-11-2021 |
| ശ്രീ.അബ്ദുൾ ലത്തീഫ് കെ | അസിസ്റ്റന്റ് സെക്രട്ടറി | 03-11-2021 | 31-03-2022 |
| ശ്രീ.ശരത് ബാബു | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2021 | 13-08-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(തോട്ടപ്പള്ളി) | | |
| ശ്രീ.രഞ്ജിത്ത് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ((തോട്ടപ്പള്ളി) | 14-08-2021 | 12-11-2021 |
| ശ്രീമതി.സുജ വി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ((തോട്ടപ്പള്ളി) | 13-11-2021 | 31-03-2022 |
| ശ്രീ.രഞ്ജിത്ത് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ((പുറക്കാട്) | 01-04-2021 | 01-11-2021 |
| ശ്രീ.രാജേഷ് എസ്.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ((പുറക്കാട്) | 02-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Teenu Tom (Auditor, On 10-08-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 26-09-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Teenu Tom (Auditor, On 10-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 22-08-2022) | 1-2 |
| 3 | വാർഷിക കണക്കുകൾക്ക് രജിസ്ററുകളുമായുള്ള പോരുത്തക്കേടുകൾ<br>Written By: Famin S.M (Asst. Audit Officer, On 19-08-2022)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Teenu Tom (Auditor, On 10-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 18-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)<br>Written By: Teenu Tom (Auditor, On 10-08-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 26-09-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Teenu Tom (Auditor, On 10-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-09-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Teenu Tom (Auditor, On 10-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 18-08-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Teenu Tom (Auditor, On 10-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 18-08-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Teenu Tom (Auditor, On 09-08-2022)<br>Last Updated By: Teenu Tom (Auditor, On 09-08-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: P.Sabu (Audit Officer (HG), On 22-08-2022) | 1-9 |
| 11 | ക്യാൻസൽ ചെയ്ത രസീതുകൾ ഹാജരാക്കിയില്ല<br>Written By: Teenu Tom (Auditor, On 21-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-10 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Teenu Tom (Auditor, On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-11 |
| 13 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Teenu Tom (Auditor, On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-12 |
| 14 | പെർമിറ്റ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല<br>Written By: Teenu Tom (Auditor, On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-13 |
| 15 | പത്ര പരസ്യം-ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 19-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-14 |
| 16 | മഴക്കാല പൂർവ്വ ശുചീകരണം - വാർഡ് തല സമിതികൾ നിർജ്ജീവം , ഫണ്ട് ചെലവഴിച്ചില്ല.326617 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Famin S.M (Asst. Audit Officer, On 19-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-15 |
| 17 | തെരുവുവിളക്ക് - മീറ്റർ സ്ഥാപിക്കൽ പൂർണ്ണമായില്ല | 1-16 |

| | | |
|---|---|---|
| | Written By: Famin S.M (Asst. Audit Officer, On 17-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | |
| 18 | മത്സ്യത്തൊഴിലാളികൽക്ക് വള്ളവും വലയും - നടപ്പാക്കൽ അപൂർണ്ണം, നിർവ്വഹണത്തിൽ ക്രമക്കേടുകൾ-215994 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു-<br>Written By: Famin S.M (Asst. Audit Officer, On 17-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-17 |
| 19 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ -വിതരണം പൂർത്തിയായില്ല - 158900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Famin S.M (Asst. Audit Officer, On 19-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-18 |
| 20 | സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല-974423/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sreedevi.R (Senior Grade Auditor, On 19-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 23-09-2022) | 1-19 |
| 21 | ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തിയാക്കിയില്ല -100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sreedevi.R (Senior Grade Auditor, On 19-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-20 |
| 22 | പാലിന് ഇൻസെന്റീവ് - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകി-<br>Written By: Teenu Tom (Auditor, On 20-08-2022)<br>Last Updated By: Teenu Tom (Auditor, On 26-09-2022) | 1-21 |
| 23 | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കുള്ള മരുന്ന് പൂർണ്ണമായി ലഭ്യമായില്ല-73303 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Famin S.M (Asst. Audit Officer, On 17-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-22 |
| 24 | ഓഡിറ്റ് ഇംപാക്ട്- ജി.എസ്.റ്റി സോഴ്സ് ഡിഡക്ഷൻ ഈടാക്കി<br>Written By: Sreedevi.R (Senior Grade Auditor, On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-23 |
| 25 | ഐ.കെ.എം.വിഹിതം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -129988 /-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sreedevi.R (Senior Grade Auditor, On 19-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-24 |
| 26 | സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല<br>Written By: Teenu Tom (Auditor, On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-25 |
| 27 | സാമൂഹ്യ ക്ഷേമ പെൻഷൻ തീർപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല<br>Written By: Teenu Tom (Auditor, On 21-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-26 |
| 28 | ഓഡിറ്റ് ഇംപാക്ട്-ബേസ്മെന്റിന് പുറമേ ബെൽറ്റ് നിർമ്മിച്ചിട്ടുള്ളപ്പോൾ റബിൾ പ്രവൃത്തിയിൽ 1:6:12 ലെവലിംഗിന് സിമന്റ് കോൺക്രീറ്റിംഗ് നടത്തി - . അധികച്ചലവ്-1890/-തിരികെ ഒടുക്കി-<br>Written By: P.Sabu (Audit Officer (HG), On 17-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-27 |
| 29 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല- അധിക ചെലവ്-10785/-രൂപ<br>Written By: P.Sabu (Audit Officer (HG), On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-28 |

| | | |
|---|---|---|
| 30 | തെരുവ് വിളക്കുകളുടെ വാങ്ങലും പരിപാലനവും - ന്യൂനതകൾ- കരാറുകാരനിൽ നിന്നും ആദായനികുതി 2143/- രൂപ ഈടാക്കിയില്ല-<br>Written By: Sreedevi.R (Senior Grade Auditor, On 20-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 23-09-2022) | 1-29 |
| 31 | MGNREGS - Secure സോഫ്റ്റ്‌വെയർ പ്രകാരം 80mm Thick Cc Paver Block പാകൽ- നിരക്ക് PWD നിരക്കിനെക്കാൾ ഇരട്ടിയിലധികം- -ലക്ഷങ്ങളുടെ അധിക ചെലവ് -<br>Written By: P.Sabu (Audit Officer (HG), On 17-08-2022)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2022) | 1-30 |
| 32 | MGNREGS-മുദ്രപത്ര വില ഈടാക്കിയതിൽ കുറവ് - സംസ്ഥാന സർക്കാരിന് 3260/-രൂപ നഷ്ടം-<br>Written By: P.Sabu (Audit Officer (HG), On 17-08-2022)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2022) | 1-31 |
| 33 | MGNREGS-മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-<br>Written By: P.Sabu (Audit Officer (HG), On 17-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-32 |
| 34 | പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നു.അധിക ചെലവ് 21760/-രൂപ നിരാകരിക്കുന്നു-<br>Written By: Sreedevi.R (Senior Grade Auditor, On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-33 |
| 35 | പൊളിച്ച് മാറ്റിയ സ്റ്റീൽ ഭാഗങ്ങൾ ലേലം ചെയ്യുന്നത് സംബന്ധിച്ച്<br>Written By: P.Sabu (Audit Officer (HG), On 19-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-34 |
| 36 | ഹരിത കർമ്മസേനയ്ക്ക് വേണ്ടി വാങ്ങിയ ഇലക്ട്രിക്ക് പിക്ക്അപ്പ് ഓട്ടോ നാളിതുവരെ ഉപയോഗപ്രദമാക്കിയില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 21-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-35 |
| 37 | ലൈഫ് മിഷൻ ഭവന നിർമ്മാണം - അവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 22-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-36 |
| 38 | ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ - ഗ്രാമപഞ്ചായത്തിന് വൻ ബാദ്ധ്യത<br>Written By: Sreedevi.R (Senior Grade Auditor, On 22-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-37 |
| 39 | ഹോമിയോ ഇമ്യൂൺ ബൂസ്റ്റർ മരുന്ന് വാങ്ങൽ- പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല-<br>Written By: Teenu Tom (Auditor, On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-38 |
| 40 | പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനം സംബന്ധിച്ച്-<br>Written By: P.Sabu (Audit Officer (HG), On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-39 |
| 41 | പദ്ധതിയ്ക്കായി വകയിരുത്തപ്പെടുന്ന തുകയുടെ നല്ലൊരു ശതമാനവും ലഭ്യമാകുന്നില്ല - ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവ്<br>Written By: P.Sabu (Audit Officer (HG), On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-40 |
| 42 | ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നതിലെ അപാകതകൾ-<br>Written By: P.Sabu (Audit Officer (HG), On 20-08-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 13-09-2022) | 1-41 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല- അധിക ചെലവ്-10785/-രൂപ<br>Written By: P.Sabu (Audit Officer (HG), On 20-08-2022)<br>Last Updated By: P.Sabu (Audit Officer (HG), On 20-08-2022) | 3-1 |
| 2 | പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നു.അധിക ചെലവ് 21760/-രൂപ നിരാകരിക്കുന്നു-<br>Written By: P.Sabu (Audit Officer (HG), On 20-08-2022)<br>Last Updated By: Teenu Tom (Auditor, On 26-09-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-08-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 18-08-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 25-09-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 17-08-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 17-08-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 26-09-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 17-08-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: Teenu Tom (Auditor, On 26-09-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Teenu Tom (Auditor, On 15-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 17-08-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | 16/11/2021 ലെ കമ്മറ്റിയിൽ പങ്കെടുത്തവർ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 09.03.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 358398037 | 355018500 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 250520805 | 251117194 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 13.05.2022 |

### 1-2-1 വാർഷിക കണക്കുകൾക്ക് രജിസ്ററുകളുമായുള്ള പോരുത്തക്കേടുകൾ

2021-22 ലെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെ പറയുന്നു.

1) പല തനത് ഫണ്ട് ചെലവുകളും തെറ്റായ ശീർഷകത്തിലാണ് ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളത് .ഇത് വഴി പ്രസ്തുത ശീർഷകങ്ങളിലെ യഥാർത്ഥ ചെലവ് അക്കൌണ്ടിൽ ദൃശ്യമാകാതെ വരുന്നു. ഉദാ. വൌച്ചർ നം. 22100179 പ്രകാരം 6815 രൂപ തകഴി സബ്സെക്ഷനിലെ വൈദ്യുതി ചാർജ്ജ് അടച്ചത് ആയതിനുള്ള 230100101എന്ന ശീർഷകത്തിന് പകരം പകർച്ചവ്യാധി തടയൽ ചെലവുകൾക്കുള്ള 230800114 എന്ന ശീർഷകത്തിലാണ് ചെലവായി ചേർത്തിരിക്കുന്നത്.

2) 340200199 Other Deposit ,Revenue ഇനത്തിൽ 3536 രൂപ വരവുള്ളതായി റസിപ്റ്റ്&പേയ്മന്റ് പത്രികയിലും (RP34) 9001രൂപ ബാദ്ധ്യത ഉള്ളതായി ബാലൻസ് ഷീറ്റിലും (B7) കാണുന്നു. എന്നാൽ ഡപ്പോസിറ്റ് രജിസ്റ്ററിൽ ഈ ഇനത്തിൽ വരവൊന്നുമില്ല . അതിലെ സംക്ഷിപ്ത വിവരണത്തിൽ 5465 രൂപയാണ് നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നത്.

3)ഇൻകം &എക്സ്പന്റീച്ചർ പത്രികയിലെ പ്രിയർ പീരീഡ് ഐറ്റംസ് ന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായില്ല. ആകയാൽ തന്നെ ബാലൻസ് ഷീറ്റിലെ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യതയും ഉറപ്പിക്കാനാകുന്നില്ല.

4) ആസ്തി രജിസ്റ്ററിൽ കൃത്യമായരേഖപ്പെടുത്തലുകളില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ സ്ഥാവര ആസ്തികളുടേയും ഇൻകം &എക്സ്പന്റീച്ചർ പത്രികയിലെ ഡിപ്രീസിയേഷന്റേയും കൃത്യത ഉറപ്പിക്കാനാകുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 21.തീയതി 17.08.2022)മറുപടി ലഭ്യമാക്കിയില്ല. ചെലവുകൾ ശരിയായ ശീർഷകത്തിൽ ഉൾക്കൊള്ളിക്കപ്പെടുന്നു എന്ന് ഉറപ്പിക്കാണ്ടതാണ്. ഡിപ്പോസിറ്റ് രജിസ്റ്ററിലേയും വാർഷിക ധനകാര്യ പത്രികയിലേയും അന്തരത്തിന്റെ കാരണം കണ്ടെത്തി പരിഹരിക്കേണ്ടതുമാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22152794 |
| വരവ് | 103541240 |

| | |
|---|---|
| ആകെ | 125694034 |
| ചെലവ് | 98260674 |
| നീക്കിയിരിപ്പ് | 27433360 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 27962665 | 27962665 | 27951177 | 11488 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3628068 | 3628068 | 3208831 | 409237 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 4710200 | 4710200 | 3659966 | 1050234 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 8937465 | 8937465 | 5726686 | 3210779 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 0 | 17416060 | 17416060 | 9522983 | 7893077 |
| Untied | 0 | 7981805 | 7981805 | 4248010 | 3733795 |
| ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറൽ/എസ്.സി.പി ഇനങ്ങളിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് സോഴ്സ് ഡിഡക്ഷൻ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷിക കണക്കുമായി വ്യത്യാസമുണ്ട്. | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

(സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടേണ്ടതാണ്)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 176 | 208595451 | 128 | 75047874 | 2 | 46 | 72 |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 166320 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 14244600 | 980 |
| വിധവാ പെൻഷൻ | 14241600 | 1001 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 30553000 | 2582 |
| വികലാംഗ പെൻഷൻ | 6457100 | 433 |
| അവിവാഹിത പെൻഷൻ | 1416700 | 94 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180000 | 6 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 49493 | 1722932 | 1772425 | 1760241 | 12184 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 93151052 | 93151052 | 93151052 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2022 3.15 Pm ന് അക്കൌണ്ടന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 677/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഓരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല.

2.വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

3. വൻ തുക ഓരോ മാസവും തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ ഒടുക്കുന്നുണ്ടെങ്കിലും ഓരോ വാർഡിലും ഉള്ള തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം എഴുതി സൂക്ഷിക്കുന്നില്ല.

4.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

5.തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

6. വാട്ടർ ചാർജ്ജിനത്തിൽ കുടിശ്ശികയായി കോടികൾ അവശേഷിക്കുന്നു. മുൻകാലങ്ങളിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകകൾ, അടയ്ക്കാനുള്ള തുകയുടെ കണക്കിൽ നിന്നും കുറവ് ചെയ്യതിന് രേഖകളില്ല.

7.പഞ്ചായത്ത് വക KL-04-AB-7007-ാം നമ്പർ വാഹനത്തിന്റെ ഫ്യൂവൽ ക്ഷമതാ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. മുൻ വർഷ റിപ്പോർട്ടിലും ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടും അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

8.സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിനായി പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ യഥാസമയം തീർപ്പ കൽപ്പിക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ക്യാൻസൽ ചെയ്ത രസീതുകൾ ഹാജരാക്കിയില്ല

രസീതുകളുടെ ക്യാൻസലേഷൻ മതിയായ അനുമതിയോടെയാണെന്നും ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സൂക്ഷിച്ചിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. രസീതുകളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഉണ്ടാകേണ്ടതുമാണ്. ക്യാൻസൽ ചെയ്ത രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല.എന്നാൽ താഴെ പറയുന്ന ക്യാൻസൽ ചെയ്ത സാംഖ്യ രസീതുകൾ പരിശോധനയ്ക്കായി ഹാജരാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം.26/20.08.22) ക്ക് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | ഡേ ബുക്ക് പ്രകാരം തീയതി | ക്യാൻസൽ ചെയ്ത രസീത് നം. |
|---|---|---|

| | | |
|---|---|---|
| 1 | 22/11/21 | 121020101642 |
| 2 | 22/11/21 | 121020101659 |
| 3 | 29/1/22 | 121020102587 |

1.) ഐ.എൽ.ജി.എം.എസ് രസീത് ക്യാൻസലേഷൻ - അപാകതകൾ

എ.) 1/4/2022 മുതൽ 31/7/22 വരെയുള്ള ക്യാൻസലേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ ക്യാൻസൽ ചെയ്ത രസീതുകൾ ഏത് ഇനത്തിലാണ് (പെർമിറ്റ് ഫീസ്, പ്രോപ്പർട്ടി ടാക്സ്, ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി) എന്ന് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഐ.എൽ.ജി.എം.എസ് മുഖേന ക്യാൻസൽ ചെയ്ത രസീതുകൾ അതാത് ഇനങ്ങളിൽ (ലൈസൻസ്, തൊഴിൽ നികുതി തുടങ്ങിയ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതും, സഞ്ചയ തുടങ്ങിയ സോഫ്റ്റ് വേയറുകളിലും) ക്യാൻസൽ ചെയ്യുന്നുണ്ടോ എന്നത് വ്യക്തമല്ല.
ബി.) ഐ.എൽ.ജി.എം.എസ് മുഖാന്തിരം അടവാക്കുന്ന പ്രോപ്പർട്ടി ടാക്സ് സഞ്ചയയിൽ ഓട്ടോമാറ്റ്ക്കായി പോസ്റ്റ് ചെയ്യപ്പെടുന്നുണ്ടെങ്കിലും, ആയത് ക്യാൻസൽ ചെയ്യുമ്പോൾ സഞ്ചയയിൽ നിന്നും പോസ്റ്റിങ്ങ് ക്യാൻസൽ ആകുന്നില്ല. ഇതു തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ സഞ്ചയയിൽ തുക അടച്ചതായി പോസ്റ്റ് ചെയ്യപ്പെടുന്നതിന് ഇടവരുത്തും. മേൽ പറഞ്ഞ അപാകതകളിലേക്ക് ഐ. കെ.എം-ന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1.) *ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി*യില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല . ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നം. 10 */11-08-22 മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാനുള്ള ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.*

1.) കനാൽ ഓഫീസ് ഇറിഗേഷൻ സെക്ഷൻ, തോട്ടപ്പള്ളി (I & II)

2.) ഇല്ലിച്ചിറ ക്ഷീരോൽപ്പാദക സഹകരണ സംഘം (I & II)

3.) പോസ്റ്റ് ഓഫീസ്, പുറക്കാട് (I & II)

4.) കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ, അമ്പലപ്പുഴ (I & II)

5.) ബി.എസ്.എൻ.എൽ , അമ്പലപ്പുഴ (I & II)

6.) ഇറിഗേഷൻ സെക്ഷൻ, തോട്ടപ്പള്ളി (I & II)

7.) ഇല്ലിച്ചിറ പോസ്റ്റ് ഓഫീസ് (I )

8.) ചിപ്പി ഫിനാൻസിയേഴ്സ്, പുറക്കാട് (I & II)

9.) പോസ്റ്റ് ഓഫീസ് തോട്ടപ്പള്ളി (II)

10.) മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, ഒറ്റപ്പന (II)

11.) മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, കരൂർ , വാർഡ് 17 (I & II)

12.)മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, കരൂർ , വാർഡ് 18 (I & II)

13.) മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, പുറക്കാട് , വാർഡ് 12 (I & II)

14.) മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, പുറക്കാട് , വാർഡ് 4 (I & II)

15.) വൈശാഖം ഫിനാൻസിയേഴ്സ്, പുന്തല (II)

16.) പ്രവാസി ക്ഷേമ വികസന സഹകരണ സംഘം

2.) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 സി, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം തൊഴിലുടമയോടോ പ്രതിനിധിയോടോ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല, ഈ സ്ഥാപനങ്ങൾക്ക ഡിമാൻറ് നോട്ടീസ് നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 */11-08-22*

*മറുപടി ലഭ്യമാക്കിയിട്ടില്ല*

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട നം | സ്ഥാപനം |
|---|---|---|---|
| 1 | ജുമൈലത്ത് ബീവി | XVII/35 | ഐസ് പ്ലാന്റ് |
| 2 | ജുമൈലത്ത് ബീവി | XVII/36 | ഐസ് പ്ലാന്റ് |
| 3 | അബ്ദുൾ കലാം | V/75 | ഐസ് പ്ലാന്റ് |
| 4 | ഹാറൂൺ റഷീദ് | XVII/17 | KNH ഐസ് പ്ലാന്റ് |
| 5 | അബ്ദുൾ മജീദ് | X/408 | ഐസ് പ്ലാന്റ് |
| 6 | അബ്ദുൾ ജബ്ബാർ | X/501A | ഐസ് പ്ലാന്റ് |
| 7 | അനിമോൻ | I/35 | പീലിംഗ് ഷെഡ് |
| 8 | ഇബ്രാഹിം കുട്ടി | IV/406A | സാറാസ് ഐസ് പ്ലാന്റ് |
| 9 | കെപി സോമൻ | X/461 | ഐസ് പ്ലാന്റ് |
| 10 | മുഹമ്മദ് കുഞ്ഞ് | X/370 | ഐസ് പ്ലാന്റ് |

കമ്പനികളുടെയും വ്യക്തികളുടെയും അർദ്ധവാർഷിക വരുമാനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കി, അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിശ്ചയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല, ചട്ടം 10, പ്രകാരം വർഷാവസാനത്തിനു 30 മുപ്പതുദിവസത്തിനു മുൻപായി നിശ്ചിതഫീസ് പഞ്ചായത്തിൽ ഒടുക്കി ലൈസൻസ് പുതുക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2021-22 വർഷം ചുവടെ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് കണ്ടു.

1.) സപ്ലൈകോ സൂപ്പർ മാർക്കറ്റ്

2.) മിസ്റ്റർ എം. കെ ഗോവിന്ദൻ ബി.പി.സി.എൽ ഡീലർ, പുറക്കാട്

3.) എ.ഇ.എസ് ഫാർമസി, കരൂർ

4.) എ.ഇ.എസ് ഇൻസ്റ്റിട്യൂട്ട് , കരൂർ

5.) ഇന്റി ട്രേഡ്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.11/12.08.22) മറുപടി ലഭ്യമാക്കിയില്ല .ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതും, തുക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഒരു സ്ഥാപനം പോലും പ്രവർത്തിക്കുന്നില്ലായെന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 പെർമിറ്റ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ റൂൾ 12 പ്രകാരം അപേക്ഷ സ്വീകരിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ രേഖാമൂലം പെർമിറ്റ് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. മുപ്പത് ദിവസത്തിനുള്ളിൽ പഞ്ചായത്ത് തീരുമാനം എടുക്കുന്നില്ലെങ്കിൽ , പെർമിറ്റ് ലഭിച്ചതായി കണക്കാക്കി അപേക്ഷകന് നിയമത്തിന്റെയോ ചട്ടങ്ങളുടെയോ ബൈലോകളുടെയോ ലംഘനമില്ലാതെ പ്രവൃത്തി തുടങ്ങാവുന്നതാണ്. അത്തരം പ്രവൃത്തികൾ ക്രമ പ്രകാരമുള്ളതായി കണക്കാക്കേണ്ടതും റെഗുലറൈസേഷനുള്ള ഒന്നായി കണക്കാക്കാൻ പാടില്ലാത്തതുമാണ്. 2021-22 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന വ്യക്തികളെ രേഖാമൂലം പെർമിറ്റ് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത വിവരം അറിയിച്ചതായി കാണുന്നില്ല.

| ക്രമ നം | അപേക്ഷകൻ | കറന്റ് നം, അപേക്ഷിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|
| 1 | ചന്ദ്രൻ , നാൽപ്പതിൽചിറ | 1282, 28/2/22 | പെർമിറ്റ് റെസിഡെൻഷ്യൽ |
| 2 | മുഹമ്മദ്കുഞ്ഞ്, | 1365, 2/3/22 | പെർമിറ്റ് |

| | | | |
|---|---|---|---|
| | മാളിയേക്കൽ | | റെസിഡെൻഷ്യൽ |
| 3 | പ്രസന്ന ചൈതന്യ, കുരുർ | 1588, 9/3/22 | പെർമിറ്റ് റെസിഡെൻഷ്യൽ |
| 4 | സന്തോഷ് കുമാർ, ദേവസ്വംപറമ്പിൽ | 1623, 10/3/22 | പെർമിറ്റ് റെസിഡെൻഷ്യൽ |
| 5 | ലിജിമോൻ, പൊഴിക്കൽ | 1745, 15/3/22 | പെർമിറ്റ് റെസിഡെൻഷ്യൽ |
| 6 | മേഴ്സി, നസ്രത്ത്ഭവൻ | 1746, 15/3/22 | പെർമിറ്റ് റെസിഡെൻഷ്യൽ |
| 7 | മധുസൂദൻ & രേണുക, വാലയിൽ | 1898, 19/3/22 | പെർമിറ്റ് ഷോപ്പ് |
| 8 | സുരേഷ് , വള്ളക്കടവിൽ | 1907, 19/3/22 | പെർമിറ്റ് റെസിഡെൻഷ്യൽ |
| 9 | സുനിൽകുമാർ, പുതുവൽ | 1913, 19/3/22 | പെർമിറ്റ് റെസിഡെൻഷ്യൽ |

ആയതിനാൽ അപേക്ഷ സ്വീകരിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ മറുപടി നൽകിയോ എന്നത് വ്യക്തമല്ല. രജിസ്റ്റർ കാലികമാക്കി വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 പത്ര പരസ്യം-ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പുറക്കാട് ഗ്രാമപഞ്ചായത്ത് 2021-22സാമ്പത്തിക വർഷം പദ്ധതി രൂപീകരണം,നിർവഹണം, മോണിട്ടറിംഗ് ചെലവുകൾ എന്ന പ്രോജക്ടിൽപ്പെടുത്തി (പ്രോജക്ട് നം.15/2022) താഴെപ്പറയുന്ന ദിനപത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ, പരസ്യ ചാർജിനത്തിൽ നല്കിയ തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽനം.തീ | ബിൽ തുക (ജി എസ് റ്റി ഒഴികെ) | അർഹമായ ഡിസ്കൌണ്ട് (15%) | പത്രത്തിന്റെ പേര് |
|---|---|---|---|
| 321000049282/21.09.2021 | 13200 | 1980 | മാതൃഭൂമി |
| 321000059496/19.10.2021 | 6600 | 990 | |
| 321000057802/14.10.2021 | 6600 | 990 | |
| 321000066665 | 15400 | 2310 | |
| 321000112642/12.01.2020 | 10400 | 1560 | |
| 321000081336/16.12.2021 | 8800 | 1320 | |
| 321000048193/16.10.2020 | 6240 | 936 | |
| 126273656/19.10.2021 | 4370 | 655 | മലയാള മനോരമ |
| ആകെ | 71610 | 10741 | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (24) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 10741/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 മഴക്കാല പൂർവ്വ ശുചീകരണം - വാർഡ് തല സമിതികൾ നിർജ്ജീവം , ഫണ്ട് ചെലവഴിച്ചില്ല.326617 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2021-22 ൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഒരു വാർഡിന് 20000 രൂപ വീതം 18 വാർഡുകൾക്കായി ആകെ 360000 രൂപ വിതരണം ചെയ്യുകയുണ്ടായി. വാർഡ് തല ശുചീകരണ സമിതികൾക്ക് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത് നൽകിയ പ്രസ്തുത തുക 15,16നമ്പർ വാർഡുകളിലൊഴികെ മറ്റ് 16 വാർഡുകളിലും ഒട്ടും തന്നെ വിനിയോഗിച്ചിട്ടില്ല. വാർഡ് 15ൽ 5965 രൂപയും 16 ൽ 652 രൂപയും വിനിയോഗിക്കാതെ ബാക്കിയുണ്ട്. ഈ തുക ബാക്കി നിൽക്കുമ്പോൾ തന്നെ 2022-23 ലെ തുകയും വിതരണം ചെയ്തുകഴിഞ്ഞു. 2021 ജൂണിൽ പ്രസ്തുത തുക വാർഡ് തല സമിതികൾക്ക് വിതരണം ചെയ്ത ശേഷം റോഡുകളുടെ പരിസരത്തെ മാലിന്യം നീക്കുന്നതിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുമായി 58458 രൂപ ജൂൺ , ജൂലൈ മാസങ്ങളിൽ മാത്രം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1,18 വാർഡുകളിലായി മാത്രം 29038 രൂപ ചെലവായി. വാർഡ് സമിതികൾക്ക് അനുവദിച്ച പണം യഥാകാലം ഉപയോഗിക്കാതെയിരിക്കുകയും അതേ ആവശ്യത്തിനായി പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കേണ്ടി വരുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല. ഫണ്ട് വിനിയോഗിക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 18, തീയതി 17.08.2022)മറുപടി ലഭ്യമാക്കിയില്ല. 15,16 വാർഡുകളിലെ 33383 രൂപയുടെ ചെലവ് രേഖകൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഹാജരാക്കി.ഇതിൽ 9360 രൂപ 2022 ജൂണിലാണ് വിനിയോഗിച്ചത്. ഒരു മുൻകൂർ എന്ന നിലയിൽ പഞ്ചായത്തംഗം ചെയർമാനും ആരോഗ്യരംഗത്തെ ഉദ്യോഗസ്ഥൻ കൺവീനറുമായ സമിതിക്ക് 2021 മഴക്കാലത്തിന് മുൻപ് നടത്തേണ്ടിയിരുന്ന ശുചീകരണ പ്രവർത്തനത്തിന് നൽകിയ തുക ഒരു വർഷത്തിന് ശേഷവും വിനിയോഗിക്കാത്ത സാഹചര്യത്തിൽ 326617 രൂപയുടെ (360000-33383)ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അനുവദിച്ച ആവശ്യത്തിലേക്ക് സമയബന്ധിതമായി വിനിയോഗിക്കാതെയും തിരികെ അടയ്ക്കാതെയും ശേഷിക്കുന്ന ഈ തുക സെക്രട്ടറി തിരികെ ഈടാക്കി തനത് ഫണ്ടിൽ നിന്ന് നൽകിയ തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതും ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച ഗ്രാന്റ് തിരിച്ച് നൽകേണ്ടതുമാണ്.

മഴക്കാലത്തെ വള്ളക്കെട്ട് തടയൽ , പകർച്ച വ്യാധികളുടെ നിയന്ത്രണം മുതലായ ലക്ഷ്യങ്ങൾ ജനകീയ പങ്കാളിത്തത്തോടെ കൈവരിക്കാനായാണ് വാർഡ് തല സാനിറ്റേഷൻ സമിതികൾക്ക് ഈ തുക കൈമാറുന്നത്. തുക ഒട്ടും തന്നെ ചെലവഴിക്കാതിരിക്കുക വഴി ഈ സമിതികൾ തീർത്തും നിർജ്ജീവമാണ് എന്ന് വ്യക്തമാകുന്നു. വാർഡ് തല സമിതികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ഭരണസമിതിയും വിശിഷ്യാ ആരോഗ്യകാര്യ സ്ഥിരം സമിതിയും സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതാണ് .

ചെലവ് വിവരം

ബിൽ നം 159/21-22 തീയതി 4.6.2021

വൌച്ചർ നം – 22100227- 180000 രൂപ (തനത് ഫണ്ട്)

22100229- 180000(ശുചിത്വ മിഷൻ ഗ്രാന്റ്)

ഓഡിറ്റ് അന്വേഷണം –

1-16 തെരുവുവിളക്ക് - മീറ്റർ സ്ഥാപിക്കൽ പൂർണ്ണമായില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2021-22ൽ 994076രൂപ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. 2020- 21ൽ ഇത്1145591രൂപയായിരുന്നു. എൽ.ഇ.ഡി ലൈറ്റുകളുടെ സ്ഥാപിക്കലടക്കമുള്ള നവീകരണ പ്രക്രിയകളുടെ ഗുണഫലം വൈദ്യുതി ചാർജ്ജിൽ പ്രതിഫലിക്കാൻ തുടങ്ങിയത് തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിച്ചതോടെയാണ്. പുറക്കാട് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ അമ്പലപ്പുഴ, കരുവാറ്റ, തകഴി എന്നീ കെ.എസ്.ഇ.ബി സെക്ഷനുകൾക്ക്

കീഴിലാണ് വരുന്നത് . ഇതിൽ അമ്പലപ്പുഴ, കരുവാറ്റ സെക്ഷനുകൾക്ക് കീഴിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ പൂർണ്ണമായിട്ടുണ്ട്. ഈ ഭാഗങ്ങളിൽ യഥാക്രമം 79, 16 വൈദ്യുത മീറ്ററുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ തകഴി സെക്ഷനിൽ ഹൈമാസ്റ്റ് ലൈറ്റുകളൊഴികെയുള്ളവയ്ക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല . ഈ സെക്ഷനുകളിലെ മീറ്റർ സ്ഥാപിക്കാത്ത തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 4410രൂപ കെ.എസ്.ഇ.ബിയിൽ അടച്ചിട്ടുണ്ട്. ഈ ഭാഗത്തെ തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. കെ.എസ്.ഇ.ബി യുമായി ചേർന്ന് പരിശോധന നടത്തി അവ്യക്തത ഒഴിവാക്കേണ്ടതും തകഴി സെക്ഷനിലെ വൈദ്യുത മീറ്റർ സ്ഥാപിക്കൽ കൂടി പൂർത്തിയാക്കാൻ ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

1-17 മത്സ്യത്തൊഴിലാളികൽക്ക് വള്ളവും വലയും - നടപ്പാക്കൽ അപൂർണ്ണം, നിർവ്വഹണത്തിൽ ക്രമക്കേടുകൾ-215994 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു-

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകാനായി ഫിഷറീസ് സബ് ഇൻസ്പക്ടർ നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്ത പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കാണുന്നു. ഒരു യൂണിറ്റിന്റെ വിലയുടെ പകുതി വികസന ഫണ്ടും ബാക്കി പഞ്ചായത്തിൽ ഒടുക്കേണ്ട ഗുണഭോക്തൃവിഹിതവും എന്ന നിലയ്ക്കാണ് പ്രോജക്ടിന് പണം വകയിരുത്തിയത്. 10 ഗുണഭോക്താക്കൾക്കാണ് വള്ളവും വലയും നൽകാൻ പദ്ധതി തയ്യാറാക്കിയതെങ്കിലും ഉൾനാടൻ ജലാശയങ്ങളേറെയുള്ള ഈ പഞ്ചായത്തിൽ 6 ഗുണഭോക്താക്കളെ മാത്രമേ കണ്ടെത്താൻ കഴിഞ്ഞുള്ളൂ. അവർക്ക് പോലും വള്ളവും വലയും വിതരണം ചെയ്യാൻ ഇതുവരെ നിർവ്വഹണോദ്യോഗസ്ഥന് സാധിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതത്തിന്റെ വിനിയോഗം, നികുതികളുടെ വസൂലാക്കൽ, വള്ളത്തിന്റെ വിതരണം, വല ലഭ്യമാക്കൽ, തുടങ്ങി പ്രോജക്ട് നടത്തിപ്പിന്റെ വിവിധ മേഖലകളിൽ വിവധ തരത്തിൽ അവധാനതയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഒരുവള്ളത്തിനും വലയ്ക്കുമായി ഒരു ഗുണഭോക്താവിനുള്ള യൂണിറ്റ് കോസ്റ്റ് 45000/-രൂപയാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. വള്ളം , വല എന്നിവയുടെ യൂണിറ്റ് കോസ്റ്റ് പ്രത്യേകം നിശ്ചയിച്ചിട്ടില്ല. ഇതിൽ 22500 രൂപ വികസന ഫണ്ടും22500 രൂപ ഗുണഭോക്തൃവിഹിതവുമാണ്. അങ്ങനെ 10 ഗുണഭോക്താക്കൾക്കായി 225000 വികസന ഫണ്ടും അത്രതന്നെ തുക ഗുണഭോക്തൃവിഹിതവും ചേർന്നതാണ് പദ്ധതി അടങ്കൽ. 10 വള്ളങ്ങൾ നിർമ്മിച്ച് നൽകാൻ ടെൻഡർ ക്ഷണിക്കുകയുംലഭിച്ച മൂന്ന് ടെൻഡറുകളിൽ കുറഞ്ഞതുകയായ വള്ളം ഒന്നിന് 36000 രൂപ (10 വള്ളത്തിന് 360000 രൂപ) ക്വാട്ട് ചെയ്ത വിഷ്ണു ബോട്ട് ബിൽഡേഴ്സ് , ആറാട്ടുപുഴ എന്ന സ്ഥാപനത്തിന്റെ (പ്രൊപ്രൈറ്റർ ശ്രീ വിനോദ് )ടെൻഡർ അംഗീകരിക്കുകയുമാണ് ഉണ്ടായത്. എന്നാൽ ഗുണഭോക്തൃ വിഹിതമായി 6 പേരിൽ നിന്ന് 20000 രൂപ വീതം 120000 രൂപയാണ് ഈടാക്കിയത്(രസീത് നം 121020103170 / 25.3.2022,100000 രൂപ, 1220300410/25.6.2020, 20000 രൂപ.) ഇത് യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനമായി കണക്കാക്കിയാൽ യൂണിറ്റ്കോസ്റ്റ് 40000 രൂപമാത്രമാണ്. പ്രോജക്ടിൽ വിഭാവനം ചെയ്തതിൽ നിന്ന് യൂണിറ്റ് കോസ്റ്റ് കുറവ് ചെയ്തതിന്റെ കാരണം വ്യക്തമല്ല.

ആറ് വള്ളങ്ങൾ നിർമ്മിച്ച വകയിൽ 215994രൂപ വികസന ഫണ്ട് 27/3/2022ൽ പിൻവലിച്ച് വള്ളം നിർമ്മാതാക്കളായ വിഷ്ണു ബോട്ട് ബിൽഡേഴ്സ്ന് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ചെലവിന്റെ 50 ശതമാനമാണ് വികസന ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടത്. ബാക്കി ഗുണഭോക്തൃ വിഹിതമാണ്. ഗുണഭോക്തൃ വിഹിതമായി പഞ്ചായത്തിൽ വരവ് വന്നതും തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ 120000 രൂപയിൽ നിന്ന് 107997 രൂപയും വികസന ഫണ്ടിൽ നിന്ന് അത്രതന്നെയും ചേർത്താണ് വള്ളത്തിന്റെ വില നൽകേണ്ടിയിരുന്നത്. വികസന ഫണ്ട് മാത്രം ചെലവഴിച്ചത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. വികസന ഫണ്ടിൽ നിന്ന് സബ്സിഡി മാനദണ്ഡത്തിലധികമായി ചെലവഴിച്ച 107997 തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് സംസ്ഥാന

സഞ്ചിത നിധിയിൽ അടയ്ക്കേണ്ടതാണ്.

ആറ് ഗുണഭോക്താക്കളുള്ളതിൽ ശ്രീ രാജേഷ് , കൊച്ചോണംപള്ളി, പുറക്കാട് എന്ന ഗുണഭോക്താവ് 25.06.2022 ൽ മാത്രമാണ് ഗുണഭോക്തൃ വിഹിതം ഒടുക്കിയത്. മറ്റ് 5ഗുണഭോക്താക്കൾ 25.3.22 ലുംവിഹിതം ഒടുക്കി. എന്നാൽ 14.3.2022 ൽ തന്നെ 6 വള്ളം നിർമ്മിക്കാനുള്ള വർക്ക് ഓർഡർ നൽകിയതായും 27.3.2022 ൽ പണം നൽകിയതായും കാണുന്നു. ഗുണഭോക്തൃ വിഹിതം നിർബന്ധിതമായ പ്രോജക്ടിൽ അത് ഈടാക്കാതെ വർക്ക് ഓഡർ നൽകിയതിന്റേയും പണം അനുവദിച്ചതിന്റേയും സാംഗത്യം വ്യക്തമല്ല.

27.3.2022 ൽ ബിൽ പ്രകാരമുള്ള പണം നൽകിയിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷം അവസാനിച്ച് 5 മാസങ്ങൾക്കിപ്പുറം ആഗസ്റ്റിലും വള്ളങ്ങൾ ഫിഷറീസ് ഇൻസ്പെക്ടർ കൈപ്പറ്റുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. വള്ളങ്ങൾ കൈപ്പറ്റാതെയും പണിപൂർത്തിയാക്കി എന്ന് ഉറപ്പിക്കാതെയും ഗുണമേൻമ പരിശോധിച്ച് ബോദ്ധ്യപ്പെടാതെയും പണം കൈമാറിയത് നിയമാനുസൃത നടപടിയല്ല. പണമടച്ച് മാസങ്ങൾ കഴിഞ്ഞും ഗുഭോക്താക്കൾക്ക് വള്ളം വിതരണം ചെയ്യാതിരിക്കുന്നതിന്റെ കാരണവും വ്യക്തമല്ല യൂണിറ്റ് കോസ്റ്റിന്റെ ബാക്കി തുകയ്ക്കുള്ള വല വിതരണത്തിനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടുമില്ല. വല വിതരണം സാദ്ധ്യമാകാത്ത സാഹചര്യത്തിൽ ആയതിനായി സമാഹരിച്ച തുക (വള്ളം വാങ്ങിയതിന് ഉപയോഗിക്കേണ്ടിയിരുന്ന 107997 രൂപ കഴിച്ച് ബാക്കി 12003രൂപ) ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

കരാർ തുക അനുവദിച്ചപ്പോൾ ബില്ലിൽ കുറവ് ചെയ്യേണ്ടിയിരുന്ന2ശതമാനം ആദായനികുതി(ചെലവ് 30000 രൂപയിൽ അധികമായതിനാലും PAN നം. ലഭ്യമല്ലാത്തതിനാലും), 2 ശതമാനം ചരക്ക് സേവന നികുതി ( ടെൻഡർ തുക 2.5 ലക്ഷത്തിലധികമാകയാൽ) എന്നിവ ഈടാക്കിയിട്ടില്ല. ഇതുമൂലം നികുതിയിനത്തിൽ 4320 രൂപ ഉൽഭവസ്ഥാനത്ത് കുറവ് ചെയ്യാതെപോയി. പ്രസ്തുത തുക കരാറുകാരനിൽ നിന്ന് ഈടാക്കാൻ കഴിയാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് സെക്രട്ടറി ഈടാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകങ്ങളുടെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭ്യമാക്കിയിട്ടില്ല. വള്ളം ഫിഷറീസ് ഇൻസ്പക്ടർ കൈപ്പറ്റി വിതരണം ചെയ്യാത്ത സാഹചര്യത്തിൽ വള്ളം വാങ്ങാനായി ചെലവഴിച്ച 215994 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വള്ളങ്ങൾ 6 ഗുണഭോക്താക്കൾക്കും വിതരണംചെയ്യാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ കാര്യനിർവ്വഹണ അധികാരി എന്നനിലയിൽ സെക്രട്ടറി ഇക്കാര്യം ഉറപ്പാക്കേണ്ടതും ലഭിക്കുന്ന വള്ളങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതുമാണ്.

ചെലവ് വിവരം

പദ്ധതി നം . 0023/22,ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും

നിർവ്വഹണോദ്യോഗസ്ഥൻ -ഫിഷറീസ് സബ് ഇൻസ്പക്ടർ

അടങ്കൽ - 450000 /- (225000 വികസന ഫണ്ട്, 225000 ഗുണഭോക്തൃ വിഹിതം)

ചെലവ്- 215994രൂപ ( വികസന ഫണ്ട്, ബിൽ നം. 1468440 തീയതി. 27/3/2022)

ഓഡിറ്റ് അന്വേഷണം നം. 4 തീയതി 10.8.2022

1-18 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ -വിതരണം പൂർത്തിയായില്ല - 158900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഫിഷറീസ് ഇൻസ്പക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി കടലോര, ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സ്കൂൾ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണീച്ചർ വിതരണം ചെയ്യുവാനായി 2021-22 ൽ രണ്ട് പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കി.ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ എന്ന പദ്ധതി വഴി 10

ഗുണഭോക്താക്കൾക്കും കടലോര മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർഎന്ന പദ്ധതി വഴി 71ഗുണഭോക്താക്കൾക്കും ഓരോ മേശയും കസേരയും വിതരണം ചെയ്യാനായി ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്-നം. 4429 , കേരള ,എന്ന സ്ഥാപനത്തിൽ നിന്ന് ഒരു മേശയും കസേരയും അടങ്ങുന്ന സെറ്റിന് 7945 രൂപ നിരക്കിൽ 81 സെറ്റ് ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. ഇതിൽ ആദ്യ പദ്ധതിയ്ക്കായി 25.3.2022 ൽ വാങ്ങിയ 10 സെറ്റ് ഫർണിച്ചർ 5 മാസങ്ങൾക്ക് ശേഷവും വിതരണം ചെയ്തിട്ടില്ല എന്ന് മാത്രമല്ല ഗുണഭോക്താക്കളെ പോലും നിശ്ചയിച്ചിട്ടില്ല.ഗുണഭോക്താക്കളെ നിശ്ചയിച്ച് നൽകണമെന്ന് കാണിച്ച് നിർവ്വഹണോദ്യോഗസ്ഥൻ പഞ്ചായത്ത് സമിതിക്ക് കത്ത് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ നിശ്ചയിക്കാതെ ഫർണീച്ചറുകൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല.

രണ്ടാമത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയ 71സെറ്റ് ഫർണിച്ചറിൽ 10എണ്ണം ഇനിയും വിതരണം ചെതിട്ടില്ല.61 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഫർണിച്ചർ വിതരണം ചെയ്തത്. പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപട്ടിക നിലവിലുള്ളപ്പോൾ ഫർണിച്ചർ വിതരണം ചെയ്യാത്തതിന്റെ കാരണവും വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ 2 പ്രോജക്ടുകളിലുമായി വിതരണം ചെയ്യാതെ ശേഷിക്കുന്ന 20 സെറ്റ് ഫർണിച്ചറുകളുടെ വിലയായ 158900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഫർണിച്ചറുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിന്റെ കാര്യനിർവ്വഹണ അധികാരി എന്നനിലയിൽ സെക്രട്ടറി ഇത് ഉറപ്പ് വരുത്തേണ്ടതും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഫർണിച്ചറുകൾ വിതരണം ചെയ്യാൻ കഴിയാത്ത പക്ഷം അനാവശ്യമായി ഫർണിച്ചർ വാങ്ങിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് വിതരണം ചെയ്യാതെ ബാക്കി നിൽക്കുന്ന ഫർണിച്ചറിന്റെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

<u>ചെലവ് വിവരം</u>

1)പദ്ധതി നം – 225/22 ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ

അടങ്കൽ – 80000, ;ചെലവ് 79450

വൌച്ചർ നം. 221011303 (CFCഗ്രാന്റ്)

2)പദ്ധതി നം – 14/22 കടലോര മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ

അടങ്കൽ – 568000, ;ചെലവ് 564091

ബിൽ നം. 21060352011701243652- 429026 രൂപ തീയതി . 5.3.2022,

ബിൽ നം. 21060352011701468449- 135065 രൂപ തീയതി . 27.3.2022

ഓഡിറ്റ് അന്വേഷണം – നം . 2 തീയതി 10.08.2022

## 1-19 സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല- 974423/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പുറക്കാട് ഗ്രാമ പഞ്ചായത്തിലെ വിവിധ നിക്ഷേപ പ്രവർത്തികൾക്കായി 2021-22 സാമ്പത്തിക വർഷം കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് തുക കൈമാറിയിട്ടുണ്ട്. പ്രവർത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

3

| ക്രമ നം | പ്രോജക്ടിന്റെ നമ്പരും പേരും | കൈമാറിയ തുക | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തത് | ട്രഷറി ബിൽ നം ./തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 49/22- വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 547390 | 195392 | 351998 | 48588/-42 /11.02.22 498802/- 58/24.03.22 |
| 2 | 104/22- വൈദ്യുതി പോസ്റ്റ് നിലവിൽ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പോസ്റ്റ് ഇട്ട് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 500000 | 0 | 500000 | 22.03.2022 |
| 3 | 50/22- പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി വയ്ക്കൽ | 237463 | 115038/-(12487+102551) | 122425 | 12497/- 17/30.09.2021 44773/- 24/01.12.2021 102551/- 30/21.01.2022 38262/- 33/25.01.2022 29725/- 54/23.02.2022 9655/- 59/30.03.2022 |
| | ആകെ | 1284853/- | 310430 | 974423 | |

തുക കൈപ്പറ്റിയതിന്റെ രേഖകളോ, പൂർത്തീകരണ സാക്ഷ്യപത്രമോ KSEB യിൽ നിന്നും ലഭ്യമായിട്ടില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/19.08.2022) പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു.രേഖകൾ ഹാജരാക്കുന്നത് വരെ 974423/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തിയാക്കിയില്ല -100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - S 0214/21

പ്രോജക്ടിന്റെ പേര് - ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി-പഞ്ചായത്ത് വിഹിതം അടവാക്കൽ

വികസന ഫണ്ട് - 1000000/-

ചെലവ് - 1000000/-(ബിൽ നം.52/21-22 തീയതി.23.03.2022)

ജലജീവൻ മിഷൻ പദ്ധതി പ്രകാരം, വീട്ടുകളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ വികസനഫണ്ടിൽ നിന്നും 1000000/- രൂപ നിക്ഷേപിച്ചു.

ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1.കേരള വാട്ടർ അതോറിറ്റിയുമായി നിയമാനുസൃതം ചമച്ച കരാർ, തുക കൈപ്പറ്റിയതിന്റെ രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

2. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അല്ലെങ്കിൽ നിലവിലെ സ്ഥിതി എന്നിവ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 23/19.08.2022) ജലജീവൻ

മിഷന് തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. മതിയായ രേഖകളുടെ അഭാവത്തിൽ 1000000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 പാലിന് ഇൻസെന്റീവ് - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകി-

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പാലിന് ഇൻസെന്റീവ് എന്ന പ്രോജക്ട് പ്രകാരം ( നം.S0009/22) സംഘങ്ങൾക്ക് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപയാണ്. പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ നിരക്കിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് (14.12.18 ലെ സ.ഉ (കൈ) നം.22/18/ത സ്വ ഭ വ) വിരുദ്ധമാണ്.

| ബിൽ നം | സംഘം (അളന്ന പാൽ) | 4 രൂപ അനുവദിച്ച മാസം | അനവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികമായി അനവദിച്ച തുക |
|---|---|---|---|---|---|
| ബിൽ നം :1/21-22, ബിൽ നം :11/21/22 | ഇല്ലിച്ചിറ(16505+5934)22439 | ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | 89756 | 67317 | 22439 |
| ബിൽ നം :2/21-22 ബിൽ നം :10/21-22 | തോട്ടപ്പള്ളി (16393+6002) 22395 | ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | 89580 | 67185 | 22395 |
| ബിൽ നം :3/21-22 ബിൽ നം :12/21-22 | പുറക്കാട് (34279+13064)47343 | ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ | 189372 | 142029 | 47343 |
| | ആകെ | | | | 92177 |

മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇൻസെന്റീവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 13 */16-08-22 ലഭ്യമാക്കിയ മറുപടി* അംഗീകരിക്കാവുന്നതല്ല. അധികമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയ 92177/- രൂപ ക്ഷീരവികസനവകുപ്പിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കുള്ള മരുന്ന് പൂർണ്ണമായി ലഭ്യമായില്ല-73303 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പുറക്കാട്, തോട്ടപ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 24.11.2021ൽ 2.5 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകി .1.5ലക്ഷം രൂപയുടെ മരുന്ന് പുറക്കാട് പി.എച്ച്.സിയ്ക്കും ഒരുലക്ഷം രൂപയുടെ മരുന്ന് തോട്ടപ്പള്ളി പി.എച്ച്.സിയ്ക്കും ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ 2021-22സാമ്പത്തിക വർഷം അവസാനിച്ച് 5 മാസമായിട്ടും പുറക്കാട് പി.എച്ച്.സിയ്ക്ക്15996രൂപയുടേയും തോട്ടപ്പള്ളി പി.എച്ച്.സിയ്ക്ക് 57307രൂപയുടേയും മരുന്നുകൾ ഉൾപ്പടെ 73303രൂപയുടെ മരുന്ന് ഇനിയും ലഭിക്കുവാനുണ്ട്. രണ്ട് പി.എച്ച.സി കളിലായി 176697രൂപയുടെ മരുന്ന് മാത്രമാണ് ആകെ ലഭ്യമായത് തോട്ടപ്പള്ളി പി.എച്ച്.സിയ്ക്ക് ലഭിയ്ക്കേണ്ടിയിരുന്ന മരുന്നിൽ പകുതിപോലും ലഭിച്ചിട്ടില്ല. യഥാകാലം

മരുന്നുകൾ ലഭിക്കാതിരിക്കുന്നത് ആശുപത്രിപ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ അനിവാര്യമാണ്. പ്രസ്തുത സാഹചര്യത്തിൽ 73303 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

പ്രോജക്റ്റ് – പി.എച്ച്.സി കൾക്ക് മരുന്നുകൾ, പുറക്കാട് പി.എച്ച്.സി ലാബിലേയ്ക്ക് റിയേജന്റുകൾ ;നമ്പർ . 61/22

അടങ്കൽ – 300000രൂപ

ആകെ ചെലവ് – 294048 രൂപ

മരുന്ന് വാങ്ങൽ ചെലവ് – 250000 രൂപ

ട്രഷറി ബിൽ നം.- 36തീയതി 24.11.2021

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. പുറക്കാട്

## 1-23 ഓഡിറ്റ് ഇംപാക്റ്റ്- ജി.എസ്.റ്റി സോഴ്സ് ഡിഡക്ഷൻ ഈടാക്കി

പ്രോജക്റ്റ് നം.S0056/22 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

വികസന ഫണ്ട് -എസ്.സി.പി- 450000

തനത് ഫണ്ട് - 45000

ആകെ അടങ്കൽ -495000

ചെലവ് വിവരം

450000-ബിൽ -നം.16/23.03.2022

11900- 384/25.03.2022

ആകെ ചെലവ്- 461900/-

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിൽ 11 ലാപ്ടോപ്പ് വാങ്ങുന്നതിനായി എസ്.എം.സോഫ്റ്റ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം. HO-15980/21-22 പ്രകാരം 461890 രൂപ നല്കിയിട്ടുണ്ട്. എന്നാൽ പേയ്മെന്റ് നടത്തിയപ്പോൾ ഉറവിടത്തിൽ നിന്നും ജി.എസ്.റ്റി കുറവ് ചെയ്തിരുന്നില്ല. ന്യൂനത ഓഡിറ്റ് എൻക്വയറിയിലൂടെ ചൂണ്ടി കാട്ടിയപ്പോൾ ടി തുകയിൽ നിന്നും 2% നികുതി (സി.ജി.എസ്.റ്റി-1%, എസ്.ജി.എസ്.റ്റി- 1%) 9238/- രൂപ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് 19.08.2022ൽ ഈടാക്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്..

## 1-24 ഐ.കെ.എം.വിഹിതം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -129988 /-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം - S0011/22-ഐ കെ എം വിഹിതം നൽകൽ

അടങ്കൽ- 129988 (വികസന ഫണ്ട് )

ചെലവ്- 100000 (ബിൽ നം.7/13.08.2021)

29988 (ബിൽനം.56/23.03.2022)

ഐ കെ എം വിഹിതം നൽകൽ എന്ന പ്രോജക്ടിൽ പ്രസ്തുതബില്ലുകൾപ്രകാരം 129988 രൂപ ഇൻഫൊർമേഷൻ കേരള മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/19.08.2022) വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക129988 /-രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല

സർക്കുലർ നം 63/2021/ ധന തീയതി 2/8/21 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും, പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണം നടത്തി അത്തരക്കാരെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതാണെന്നും നിർദേശിച്ചിരിക്കുന്നു.

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ, മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഡിബിറ്റി വിതരണവിവര പ്രകാരം Deceased എന്ന് രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും ഡയറക്ട് ടു ഹോം പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സർവ്വീസ് സഹകരണബാങ്കുകളിലെ അക്കൌണ്ടുകളിലേക്ക് നൽകിക്കൊണ്ടിരിക്കുന്നു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ രജിസ്റ്റർ ചെയ്ത തീയതി | കൈപ്പറ്റാത്ത തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ആന്ദവല്ലി,കല്ലുപുരയ്ക്കൽ | വാർദ്ധക്യകാലപെൻഷൻ 104470200305 | 02.5.2020/ 6.6.20 | 36500/- | 5/2020 മുതൽ 4/2022 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല<br>5/2022-6/2022 തുക സഹകരണ ബാങ്കിനു കൈമാറി |
| 2 | മാധവൻ പിള്ള | വാർദ്ധക്യകാലപെൻഷൻ 104470200734 | 4.6.2020/ 29.6.2020 | 40500/- | 5/2020മുതൽ 5/2022വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല<br>6/2022 തുക സഹകരണ ബാങ്കിനു കൈമാറി |
| 3 | ഫാത്തിമ കുഞ്ഞ്, ലക്ഷംവീട് | വാർദ്ധക്യകാലപെൻഷൻ 104470200991 | 6.4.2020/ 8.5.2020 | 45400/- | 12/2019 മുതൽ5/2022വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല<br>6/2022 തുക സഹകരണ ബാങ്കിനു കൈമാറി |
| 4 | കാളികുഞ്ഞ്, ഇല്ലത്തുപുരയിടം | വാർദ്ധക്യകാലപെൻഷൻ 104470200081 | 1.10.2021/ 22.10.2021 | 16000/- | 9/2021 മുതൽ5/2022വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല<br>6/2022 തുക സഹകരണ ബാങ്കിനു കൈമാറി |
| 5 | കാർത്ത്യാനി തേവരുപറമ്പിൽ | വാർദ്ധക്യകാലപെൻഷൻ 104470200120 | 1.10.2021/ 22.10.2021 | 14400/- | 10/2021 മുതൽ 4/2022 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല<br>5/2022-6/2022 തുക സഹകരണ ബാങ്കിനു കൈമാറി |

| | | | | | |
|---|---|---|---|---|---|
| 6 | ദേവകി സി | കർഷകതൊഴിലാളി പെൻഷൻ 104470100118 | 2.07.2021/ 26.10.2021 | 20800/- | 6/2021 മുതൽ 4/2022 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല 5/2022-6/2022 തുക സഹകരണ ബാങ്കിന്ന കൈമാറി |
| 7 | നാരായണൻ, അറയ്ക്കൽചിറ | വാർദ്ധക്യകാലപെൻഷൻ 104470201113 | 3.09.2021/ 12.10.2021 | 16000/- | 9/2021 മുതൽ 4/2022 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല 5/2022-6/2022 തുക സഹകരണ ബാങ്കിന്ന കൈമാറി |
| 8 | പെൺകുഞ്ഞ്, വാടയിൽ | വാർദ്ധക്യകാലപെൻഷൻ 104470200985 | 3.11.2021/ 29.11.2021 | 9600/- | 12/21 (1600) തുക കൈപ്പറ്റി 1/2022 മുതൽ 4/2022 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല 5/2022-6/2022 തുക സഹകരണ ബാങ്കിന്ന കൈമാറി |

അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/19.08.22) മറുപടി ലഭ്യമാക്കിയില്ല. സർക്കുലർ നം 67/2020/ ധന തീയതി 5/11/20 പ്രകാരം മരണപ്പെടുന്നവരെയും, അനർഹരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തത് മുഖേന സർക്കാരിന്ന സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണ് എന്ന് നിർദേശിച്ചിരിക്കുന്നു. നിശ്ചിത മാനദണ്ഡപ്രകാരം അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി സസ്പെൻഡ് ചെയ്യാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-26 സാമൂഹ്യ ക്ഷേമ പെൻഷൻ തീർപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

2021-22 സാമ്പത്തിക വർഷത്തെ വിവിധ പെൻഷൻ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പെൻഷൻ അപേക്ഷകൾ ലഭിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥൻ കൈപ്പറ്റിയ തീയതി എന്നിവ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ച തീയതി, തീർപ്പാക്കിയതിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ രജിസ്റ്ററുകൾ പ്രകാരം പെൻഷൻ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ തരം | പേര് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷൻ | പരമേശ്വരൻ | 8/04/21 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | വാർദ്ധക്യ കാല പെൻഷൻ | സുധർമ്മ | 9/04/21 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | വാർദ്ധക്യ കാല പെൻഷൻ | ജയമ്മ | 12/04/21 | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 4 | വാർദ്ധക്യ കാല പെൻഷൻ | മറിയാമ്മ തോമസ് | 9/4/21 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | വിധവാ പെൻഷൻ | സരിത | 23/4/21 | 1/6/21 |
| 6 | വിധവാ പെൻഷൻ | ശാലിനി | 23/4/21 | 1/6/21 |
| 7 | വിധവാ പെൻഷൻ | സുധ എം.സി | 10/6/21 | 26/7/21 |
| 8 | വിധവാ പെൻഷൻ | തുളസി എസ് | 17/6/21 | 26/7/21 |
| 9 | വികലാംഗ പെൻഷൻ | അരവിന്ദ രാജേഷ് | 31/8/21 | രേഖപ്പെടുത്തിയിട്ടില്ല |
| 10 | വികലാംഗ പെൻഷൻ | പ്രസാദ് | 3/9/21 | രേഖപ്പെടുത്തിയിട്ടില്ല |
| 11 | വികലാംഗ പെൻഷൻ | മണിക്കുട്ടൻ | 18/10/21 | രേഖപ്പെടുത്തിയിട്ടില്ല |
| 12 | വികലാംഗ പെൻഷൻ | സുബിൻ സന്തോഷ് | 6/12/21 | രേഖപ്പെടുത്തിയിട്ടില്ല |
| 13 | കർഷകത്തൊഴിലാളി പെൻഷൻ | പ്രസന്ന | 8/4/21 | 15/4/21 |
| 14 | കർഷകത്തൊഴിലാളി പെൻഷൻ | ജോളിമ്മ | 28/06/21 | 12/7/21 |
| 15 | കർഷകത്തൊഴിലാളി പെൻഷൻ | വിജയലക്ഷമി എം.വി | 15/7/21 | 30/7/21 |
| 16 | കർഷകത്തൊഴിലാളി പെൻഷൻ | ഉഷേശൻ എം | 16/721 | 30/7/21 |
| 17 | കർഷകത്തൊഴിലാളി പെൻഷൻ | ശാന്ത എസ് | 19/7/21 | 30/7/21 |

സാമൂഹ്യക്ഷേമപെൻഷൻ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടങ്കിൽ പെൻഷൻ ഐഡി, പെൻഷൻ അനുവദിച്ച തീയതി എന്നിവ സഹിതം വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി(നം. 20/17.08.22) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ടി അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതാണെന്നും അവ രജിസ്റ്ററുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. മറ്റ് അപേക്ഷകൾ തീർപ്പാക്കിയ വിവരങ്ങളും രജിസ്റ്ററിൽ ഉൾപ്പെടുത്തി രജിസ്റ്റർ പൂർത്തിയാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## 1-27 ഓഡിറ്റ് ഇംപാക്ട്-ബേസ്മെന്റിന് പുറമേ ബെൽറ്റ് നിർമ്മിച്ചിട്ടുള്ളപ്പോൾ റബിൾ പ്രവൃത്തിയിൽ 1:6:12 ലെവലിംഗിന് സിമന്റ് കോൺക്രീറ്റിംഗ് നടത്തി - . അധികച്ചലവ്- 1890/-തിരികെ ഒടുക്കി-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എം സി എഫിന് ചുറ്റുമതിൽ നിർമ്മാണം- |
| പ്രോജക്ട് നമ്പർ | S-0146/22 |
| അടങ്കൽ | 3 ലക്ഷം (MGNR) |
| കരാറുകാരൻ | ഹബീബ് |
| അളവു പുസ്തകം | 61/21-22 ,61/21-22 |
| ചെലവ് വിവരം | ബിൽ നം. നമ്പർ -7/21-22 രൂപ 284899/-dt.30-12-21. |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ ,LSGD |

പുറക്കാട് ഗ്രാമപഞ്ചായത്ത് 11-ാം വാർഡിൽ എം സി എഫിന് ചുറ്റമതിൽ നിർമ്മാണ പ്രവൃത്തിയിൽ റബിൾ ഉപയോഗിച്ചുള്ള ഫൗണ്ടേഷനും, ബേസ്മെന്റും നിർമ്മിച്ചിരിക്കുന്നത് സ്പെസിഫിക്കേഷൻ 7.1.1 പ്രകാരമുള്ള RR Masonary With Hard Stone In Foundation And Plinth Including Leveling Up With Cement Concrete 1:6:12).അളവുപുസ്തകം പേജ് 10 പ്രകാരം ഈയിനം 11.40$m^3$ ചെയ്തതിൽ നിന്നും, ഡിപ്പാർട്ട്മെന്റൽ സ്റ്റോണിന്റെ അളവ് കുറച്ചതിന് ശേഷം 6.9m3 പ്രവർത്തി നിർവ്വഹിച്ചതിന് 5897.62/$m^3$ നിരക്കിൽ 40693/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതിന് മുകളിൽ ഇനം 8 ആയി പേജ് നം.15 പ്രകാരം റീ ഇൻഫോഴ്സ്മെന്റ് സിമന്റ് കോൺക്രീറ്റിൽ (RCC 1:1.5:3) ബെൽറ്റ് നിർമ്മിച്ചിട്ടുള്ളതിനാൽ റബിൾ പ്രവൃത്തിയിൽ ലെവലിംഗ് ചെയ്യുന്നതിന് 1:6:12 സിമന്റ് കോൺക്രീറ്റിന്റെ ആവശ്യമില്ല. ഇത് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സ്പെസിഫിക്കേഷൻ 7.1.1 പ്രകാരം ചെയ്ത റബിൾ പ്രവൃത്തിയുടെ അളവ് | 6.90 $M^3$ |
| 1:6:12 സിമന്റ് കോൺക്രീറ്റിംഗിന് ഡാറ്റയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക്- (141.61+1.41+21.45+80.11+29.35) (വാട്ടർ ചാർജ്ജ്, CPOH, കോസ്റ്റ് ഇൻഡക്സ് 48.71% ഉൾപ്പെടെ + Gst) | 273.95/$m^3$ |
| അധികം നൽകിയ തുക | 6.90$m^3$ @ 273.95 = 1890/- |

1890/-രൂപ അധികം നൽകാനിടയായത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 3) ലഭ്യമാക്കിയ മറുപടിയിൽ , അധികം നൽകിയ തുകയായ 1890/-രൂപ 12-08-22 ലെ 1220300591-ാം നമ്പർ രസീത് പ്രകാരം തിരികെ ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 1-28 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല- അധിക ചെലവ്-10785/-രൂപ

11-ാം വാർഡിൽ പഴയചിറ-പള്ളിച്ചിറ റോഡ്- റീ-ടാറിംഗ്-പ്രൊജക്റ്റ് നം.എസ്സ്.-0141/22.

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പുതുക്കി പുറപ്പെടുവിച്ച 2012 ലെ പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തി പൂർത്തീകരണ കാലാവധിക്ക് ശേഷം പൂർത്തിയാക്കിയ പ്രവർത്തിയിൽ, കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരന്റെ അപേക്ഷയിൽ 16-11-21 ലെ 17(18)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം , തീരുമാനം കൈക്കൊള്ളുകയും, പൂർത്തീകരണ കാലാവധിയായ 6 മാസത്തിന് ശേഷം ഒരു വർഷം കൂടി പിഴ ഈടാക്കാതെ തന്നെ പൂർത്തീകരണ കാലാവധി നീട്ടി നൽകി. കാലാവധി നീട്ടി നൽകണമെന്നാവശ്യപ്പെട്ട് 12-11-21 ൽ ആണ് കരാറുകാരൻ അപേക്ഷ നൽകിയിട്ടുള്ളത്. കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട കാലാവധിക്ക് ശേഷം 10 മാസത്തിന് ശേഷം മാത്രമാണ് കരാറുകാരൻ അപേക്ഷ നൽകിയിട്ടുള്ളത്. ആയതിന് കാരണമായി രേഖപ്പെടുത്തിയിട്ടുള്ളത് മഴയും, വെള്ളക്കെട്ടും, കോവിഡും മൂലമെന്നാണ് . പി.ഡബ്ല്യൂ.ഡി.മാനുവലിലെ നിർദ്ദേശാനുസരണം (സെക്ഷൻ -2112) കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി തീരുന്നതിനു മുൻപായി കാലാവധി ദീർഘിപ്പിച്ചുനല്കുന്നതിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ 2021-22 ൽ പൂർത്തീകരണ കാലാവധി 31-07-21 മുതൽ 6 മാസത്തേക്ക് നീട്ടി നൽകിയിട്ടുണ്ട്.എന്നാൽ ഈ പ്രവർത്തിയിൽ കരാർ തീയതി മുതൽ ഒരു വർഷം വരെ പ്രവർത്തി നിർവ്വഹിക്കാതെയിരുന്നതിന് ശേഷമാണ് 12-11-21 ൽ കരാറുകാരൻ കാലാവധി നീട്ടി നൽകുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളത്. അളവു പുസ്തകം പരിശോധിച്ചതിൽ, 20-12-21 ൽ ആരംഭിച്ച ഈ പ്രവർത്തി കേവലം 10 ദിവസത്തിനുള്ളിൽ 31-12-21 ൽ പൂർത്തീകരിച്ചിട്ടുമുണ്ട്. ഇതിൽ നിന്നും കേവലം 10 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കാനാവുന്ന പ്രവർത്തിയായിരുന്നു ഇതെന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ ഒരു വർഷത്തിലധികം പൂർത്തീകരണ കാലാവധി നീട്ടി നൽകിയത് അംഗീകരിക്കാവുന്നതല്ല. ബില്ലിൽ നിന്നും ഫൈൻ ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച നൽകിയതു മൂലം കരാറുകാരന് അധികം നൽകിയ തുകയുടെയും,

മറ്റനുബന്ധ വിവരങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു .

| | |
|---|---|
| നിർവ്വഹണം | അസ്സി.എൻജിനീയർ |
| കരാറുകാരൻ - | ഇസ്മയിൽ.എച്ച്. |
| എഗ്രിമെന്റ് നം. | 38/AE/PKD/MNR/19-20, Dt.29-06-20 |
| ബിൽ നം, തീയതി, തുക | 09/21-22,dt. 27.01.22<br>247046/- |
| PAC | 220577/- |
| M Book | 66/21-22 |
| പൂർത്തീകരണ കാലാവധി | 6 മാസം. |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 29-12-20 |
| പൂർത്തീകരിച്ച തീയതി | 30-12-21 |
| ഈടാക്കേണ്ട പിഴ | 29-03-21 വരെ – 1%-220577x1%= Rs-2205/-(കാലാവധിയുടെ 50%)<br>30-03-21 മുതൽ 30-12-21 വരെ – 274ദിവസം=39 ആഴ്ച( ലിക്വിഡേറ്റഡ് ഡാമേജ്- 0.01%/ ആഴ്ച എന്ന നിരക്കിൽ = 220x39 ആഴ്ച = 8580/-<br>ആകെ – 2205+8580 =10785/- |
| ഈടാക്കിയ പിഴ | 0 |
| കുറവ് | 10785/- |

പി.ഡബ്ല്യൂ.ഡി.മാനുവലിലെ നിർദ്ദേശത്തിന് വിരുദ്ധമായി പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിനും, ബില്ലിൽ നിന്നും ഫൈൻ ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച നൽകിയതിനും മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 25) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ പിഴയിനത്തിൽ ഈടാക്കാതിരുന്ന 10785/- രൂപ 16-11-21 ലെ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-29 തെരുവ് വിളക്കുകളുടെ വാങ്ങലും പരിപാലനവും - ന്യൂനതകൾ- കരാറുകാരനിൽ നിന്നും ആദായനികുതി 2143/- രൂപ ഈടാക്കിയില്ല-

പ്രോജക്ട് നം. - 119/22(Spill Over)
അടങ്കൽ തുക -300255/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് വിവരം

199830 (118/29.10.2021)

85960 ( 134/15.11.2021)

ആകെ ചെലവ്-285790

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുന്നതിനും എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിനും ടെണ്ടർ ക്ഷണിച്ച് നന്ദികേശൻ, വലിയതറയിൽ ഇലക്ട്രിക്കൽ ആന്റ് കോണ്ട്രാക്ടേഴ്സ് ,പുറക്കാട് എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവു വിളക്കുകളുടെ വിവരങ്ങൾ, പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.തെരുവുവിളക്കുകൾ സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ ഒരു നോഡൽഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. .തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനായുള്ള പരാതി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
3.തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് വാർഡുതല മോണിട്ടറിംഗ് സമിതി രൂപീകരിച്ച് പ്രവർത്തനംവിലയിരുത്തിയിട്ടില്ല.

4.ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

5..പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി യും സംയുക്തപരിശോധന നടത്തി കണക്കാക്കിയിട്ടില്ല.

6.1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.(ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി.ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി ). എന്നാൽ പ്രസ്തുത പ്രവൃത്തിചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 0.75% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല.

കരാറുകാരന് ആകെ നൽകിയ തുക -285790

ഈടാക്കേണ്ട ആദായ നികുതി(0.75%)-2143

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/20.08.2022) മറുപടി ലഭ്യമാക്കിയില്ല. ബില്ലിൽ നിന്നും ഈടാക്കാതിരുന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്

## 1-30 MGNREGS - Secure സോഫ്റ്റ്വെയർ പ്രകാരം 80mm Thick Cc Paver Block പാകൽ-നിരക്ക് PWD നിരക്കിനെക്കാൾ ഇരട്ടിയിലധികം- -ലക്ഷങ്ങളുടെ അധിക ചെലവ് -

2021-22 വർഷം അസ്സി.എൻജിനീയർ, എൽ.എസ്സ്.ജി.ഡി നിർവ്വഹണ ഉദ്യോഗസ്ഥനായി നടവഴികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി PRICE സോഫ്റ്റ്വെയർ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികൾക്ക് 1 $M^2$ ന് 872 രൂപയാണ് അനുവദിച്ച നൽകിയിട്ടുള്ള നിരക്ക്. (15-ാം വാർഡിൽ കൊച്ചുതറ റോഡ് ഇൻറർ ലോക്ക് കട്ട പാകൽ-എസ്സ്-0099/22) എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ന് 1961.26/-രൂപ നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/FTO No./കരാറുകാരൻ | എം. ബുക്ക് നമ്പർ | 80mm Thick Cc Paver Block പാകിയ ഏരിയ-(M2) | 1961.26/$m^2$ നിരക്കിൽ അനുവദിച്ച തുക | എൽ.എസ്സ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുമായിരുന്നുവെങ്കിൽ അനുവദിക്കുമായിരുന്ന തുക ( 872/$m^2$) | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | വാർഡ്- 15 കൊച്ചോണം പള്ളി നടപ്പാത ഇന്റർലോക്ക് നിർമ്മാണം/ RC-345754/16190 /21-07-22 /രമേശൻ.പി. | 139/21-22 | 140 | 274576 | 122080 | 152496 |
| 2 | വാർഡ്- 4-തൈപ്പറമ്പ്- ലക്ഷം വീട് റോഡ് ഇന്റർലോക്ക് നിർമ്മാണം/ RC-345938/ ഇല്ല | 112/21-22 | 173.1 | 339494 | 150943 | 188550 |

| | | | | | | |
|---|---|---|---|---|---|---|
| | /D.രാജീവൻ. | | | | | |
| 3. | വാർഡ്- 18- തെക്കൻ കോയിക്കൽ ഇന്റർലോക്ക് നടപ്പാത നിർമ്മാണം/ RC-341772/ ഇല്ല /നജീബ്.കെ.എം. | 100/21-22 | 102.06 | 200166 | 88996 | 111170 |
| 4. | വാർഡ്- 13- പട്ടരുമഠം-മുളന്തുഴ- നടപ്പാത- ഇന്റർലോക്ക് നിർമ്മാണം/ RC-345784/ ഇല്ല /സജിമോൻ.ആർ. | 183/21-22 | 918.40 | 1803517 (@1963.76) | 800845 | 1002672 |
| 5. | വാർഡ്- 4-NH- ആഞ്ഞിലിവെളി- നടപ്പാത- ഇന്റർലോക്ക് നിർമ്മാണം/ RC-345939/ ഇല്ല /D.രാജീവൻ. | 111/21-22 | 109.00 | 214049 (@1963.76) | 95048 | 119001 |
| 6. | വാർഡ്- 13-NH- മുളന്തുഴ-നടപ്പാത- ഇന്റർലോക്ക് നിർമ്മാണം/ RC-345781/ ഇല്ല /രാജേന്ദ്രൻ.സി. | 177/21-22 | 234.00 | 458934 (@1961.26) | 204048 | 254886 |
| 7. | വാർഡ്- 16-NH- പെട്രോൾ പമ്പ് -വെമ്പായിൽ നടപ്പാത- ഇന്റർലോക്ക് നിർമ്മാണം/ RC-345534/ ഇല്ല /ഇസ്മയിൽ.എച്ച്. | 184/21-22 | 338.00 | 662906 (@1961.26) | 294736 | 368170 |
| 8. | വാർഡ്- 16- ദേവസ്വം പറമ്പ് -തക്കമഠം റോഡ്- സ്റ്റേജ്- 4-ഇന്റർലോക്ക് നിർമ്മാണം/ RC-353592/ ഇല്ല //രാജേന്ദ്രൻ.സി. | 158/21-22 | 230.30 | 442641 (@1922.02) | 200821 | 241820 |
| | | | | ആകെ | | 2438765/- |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾക്ക് സെക്യൂർ എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് . മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരം ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.തൻവർഷം നടപ്പിലാക്കിയിട്ടുള്ള

ഇത്തരം നിരവധി പ്രവർത്തികളിൽ ചിലത് മാത്രമാണ് ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം നടപ്പിലാക്കിയിട്ടുള്ള എല്ലാ പ്രവർത്തികളിലും കൂടി ലക്ഷക്കണക്കിന് രൂപയാണ് അധികം ചെലവഴിക്കപ്പെട്ടിട്ടുള്ളത്. നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലമുണ്ടാകുന്ന ഈ അധിക ചെലവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ടി വിഷയം NREGS മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ? മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14) മറുപടി ലഭ്യമാക്കിയില്ല.വിഷയം NREGS മിഷൻ ഡയറക്ടറുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 MGNREGS-മുദ്രപത്ര വില ഈടാക്കിയതിൽ കുറവ് - സംസ്ഥാന സർക്കാരിന് 3260/-രൂപ നഷ്ടം-

01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന2018ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4,ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ -1ൽ (G) നമ്പരായി പുനർനാമകരണം ചെയ്തിട്ടുള്ള ഉപവകുപ്പിന് മുൻപായി പുതുതായി ഉൾപ്പെടുത്തിയ ഉപവകുപ്പ്(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും,കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ ഈ നിയമം അനുശാസിക്കുന്ന തുകയ്ക്കുള്ള മുദ്ര പത്രത്തിൽ കരാർ വെച്ചിട്ടില്ല. ഈയിനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് / കരാറുകാരൻ / വർക്ക് കോഡ്. | കരാർ തുക | ഈടാക്കേണ്ട മുദ്രപത്ര വില | ഈടാക്കിയ മുദ്രപത്ര വില | കുറവ് | FTO No./തുക / തീയതി |
|---|---|---|---|---|---|
| വാർഡ്- 16-ദേവസ്വം പറമ്പ് -തക്കുമഠം റോഡ്-സ്റ്റേജ്-4-ഇന്റർലോക്ക് നിർമ്മാണം /രാജേന്ദ്രൻ.സി./ RC-353592 | 466513 | 470 | 400 | 70 | തുക നൽകിയിട്ടില്ല. |
| വാർഡ്- 16-NH-പെട്രോൾ പമ്പ് -വെമ്പായിൽ നടപ്പാത-ഇന്റർലോക്ക് നിർമ്മാണം / ഇസ്മയിൽ.എച്ച് / RC-345534 | 998435 | 1000 | 300 | 700 | തുക നൽകിയിട്ടില്ല. |
| വാർഡ്- 15 കൊച്ചോണം പള്ളി നടപ്പാത ഇന്റർലോക്ക് നിർമ്മാണം/രമേശൻ.പി./ RC-345754 | 297607 | 300 | 200 | 100 | 16190/21-07-22 |
| വാർഡ്- 4-തൈപ്പറമ്പ്-ലക്ഷം വീട് റോഡ് ഇന്റർലോക്ക് നിർമ്മാണം/ D.രാജീവൻ./ RC-345938 | 367969 | 370 | 200 | 170 | തുക നൽകിയിട്ടില്ല. |
| വാർഡ്- 13-പട്ടുമഠം-മുളമ്പുഴ-നടപ്പാത-ഇന്റർലോക്ക് നിർമ്മാണം/ ഇല്ല /സജിമോൻ.ആർ./ RC-345784 | 1979964 | 1980 | 200 | 1780 | തുക നൽകിയിട്ടില്ല. |
| വാർഡ്- 18-തെക്കൻ | 353836 | 360 | 200 | 160 | തുക |

| | | | | | |
|---|---|---|---|---|---|
| കോയിക്കൽ ഇന്റർലോക്ക് നടപ്പാത നിർമ്മാണം/ RC-341772/ ഇല്ല /നജീബ്.കെ.എം | | | | | നൽകിയിട്ടില്ല. |
| വാർഡ്- 13-NH-മുളമൂഴ-നടപ്പാത-ഇന്റർലോക്ക് നിർമ്മാണം / രാജേന്ദ്രൻ.സി./ RC-345781 | 497429 | 500 | 200 | 300 | തുക നൽകിയിട്ടില്ല. |
| ആകെ | | | | 3280/- | |

മുദ്രപത്ര വിലയിനത്തിൽ കുറവ് വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-15) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 MGNREGS-മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-

1961 ലെ ഇൻകം ടാക്സ് ആക്റ്റിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.(ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി.ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി ) എന്നാൽ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 0.75% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു. ടി കരാറുകാരിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിന് ഉത്തരവുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ /കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | അളവു പുസ്തകം പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(0.75%) | FTO No./തീയതി |
|---|---|---|---|---|---|
| 1. | വാർഡ്- 15-കൊച്ചോണം പള്ളി നടപ്പാത ഇന്റർലോക്ക് നിർമ്മാണം / RC-345754/ ( MBook No. 139/21-22 | രമേശൻ.പി | Rs-291191/-( M Book Page No.11 പ്രകാരം) | 2184/- | 1)295691/-16190 /21-07-22 |
| 2. | വാർഡ്- 4-തൈപ്പറമ്പ്-ലക്ഷം വീട് റോഡ് ഇന്റർലോക്ക് നിർമ്മാണം / RC-345938/ MB-No.112/21-22 | D.രാജീവൻ | Rs-367974/-( M Book Page No.11 പ്രകാരം) | 2759/- | തുക നൽകിയിട്ടില്ല. |
| 3. | വാർഡ്- 13-പട്ടരുമഠം- | സജിമോൻ.ആർ | Rs-1945660/-( M | 14592/- | തുക നൽകിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | മുളമ്പുഴ-നടപ്പാത-ഇന്റർലോക്ക് നിർമ്മാണം/ RC-345784 ( MBook No.183/21-22) | | Book Page No.21 പ്രകാരം) | | |
| 4. | വാർഡ്- 13-NH-മുളമ്പുഴ-നടപ്പാത-ഇന്റർലോക്ക് നിർമ്മാണം / RC-345781 ( MBook No.177/21-22) | രാജേന്ദ്രൻ.സി. | Rs-492446/-( M Book Page No.12 പ്രകാരം) | 3693/- | തുക നൽകിയിട്ടില്ല. |
| 5. | വാർഡ്- 16-NH-പെട്രോൾ പമ്പ് -വെമ്പായിൽ നടപ്പാത-ഇന്റർലോക്ക് നിർമ്മാണം/ RC-345534 ( MBook No.184/21-22) | ഇസ്മയിൽ.എച്ച്. | Rs-983395/-( M Book Page No.21 പ്രകാരം) | 7375/- | തുക നൽകിയിട്ടില്ല. |

ഈ പ്രവർത്തികളിൽ ക്രമ നം. 1 ആയി ചേർത്തിട്ടുള്ള പ്രവർത്തിയുടെ ബില്ലിൽ നിന്നും ഈടാക്കാതിരുന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.ഇനിയും തുക നൽകിയിട്ടില്ലാത്ത മറ്റ് പ്രവർത്തികളിൽ, തുക നൽകുമ്പോൾ ആദായ നികുതി കുറവ് ചെയ്തതിന് ശേഷം മാത്രം തുക നൽകേണ്ടതാണ്.തൻ വർഷം നടപ്പിലാക്കിയ പ്രവർത്തികളിൽ ചിലത് മാത്രമാണ് മുകളിൽ പരാമർശിച്ചിട്ടുള്ളത്.തൻ വർഷം നടപ്പിലാക്കിയ എല്ലാ മെറ്റീരിയൽ പ്രവർത്തികളിൽ നിന്നും ആദായ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ആദായ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33 പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നു.അധിക ചെലവ് 21760/-രൂപ നിരാകരിക്കുന്നു-

ദർഘാസ് പരസ്യങ്ങൾ" വിൻഡോ മാതൃകയിൽ," രണ്ട് കോളം (8cm)x (3 Cm)=24 $Cm^2$വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/ 04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . എന്നാൽ പുറക്കാട് ഗ്രാമപഞ്ചായത്ത് 2021-22സാമ്പത്തിക വർഷം പദ്ധതി രൂപീകരണം,നിർവഹണം, മോണിട്ടറിംഗ് ചെലവുകൾ എന്ന പ്രോജക്ടിൽപ്പെടുത്തി (പ്രോജക്ട് നം.15/2022) താഴെപ്പറയുന്ന ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ ബിൽ പരിശോധിച്ചതിൽ അവ നിർദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി.

| ഇൻവോയിസ് നം./ തീയതി ദിനപത്രം | ബിൽ നം./ തീയതി | പരസ്യത്തിന്റെ വലുപ്പം | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം നൽകിയതുക |
|---|---|---|---|---|---|
| 321000049282/21.09.2021 മാതൃഭൂമി | 31/15.01.2022 | 8x6=48cm2 @275 | 13200/- | 3x8=24$cm^2$ 6600/- | 6600 |
| 321000066665/07.11.2021 | 31/15.01.2022 | 8x7=@275 | 15400 | 3x8=24$cm^2$ | 8800 |

| | | | | | |
|---|---|---|---|---|---|
| മാതൃഭൂമി | | | | 6600/- | |
| 321000112642/ 12.01.2020 മാതൃഭൂമി | 48/23.03.2022 | 8x5=40cm2 @260 | 10400 | $3x8=24cm^2$ 6240/- | 4160 |
| 321000081336/ 16.12.2021 മാതൃഭൂമി | 48/23.03.2022 | 8x4=32cm2 @275 | 8800/- | $3x8=24cm^2$ 6600/- | 2200 |
| ആകെ | | | | | 21760 |

ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 27/20.08.2022)മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ 21760/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല.ആയത് അധിക ചെലവിന് കാരണമായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-34 പൊളിച്ചു മാറ്റിയ സ്റ്റീൽ ഭാഗങ്ങൾ ലേലം ചെയ്യുന്നത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പുതുതായി പണി കഴിപ്പിച്ച പഞ്ചായത്ത് ഹാൾ നവീകരണം. |
| പ്രോജക്ട് നമ്പർ | S-0161/22 |
| അടങ്കൽ | 310286/- ലക്ഷം (MGNR) |
| കരാറുകാരൻ | സണ്ണി ഫിലിപ്പോസ്. |
| അളവു പുസ്തകം | 64/21-22 |
| ചെലവ് വിവരം | ബിൽ നം. നമ്പർ -15/21-22 രൂപ 310286/-dt.10-03-22. |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ ,LSGD |

പുറക്കാട് ഗ്രാമപഞ്ചായത്ത് 18-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ഓഫീസിൽ , പുതുതായി പണി കഴിപ്പിച്ച പഞ്ചായത്ത് ഹാൾ നവീകരണം എന്ന പ്രവൃത്തിയിൽ ഒന്നാം ഇനമായി പഴയ സ്റ്റീൽ വർക്കിന്റെ ഭാഗങ്ങൾ പൊളിച്ചെടുത്തിട്ടുണ്ട്. അളവു പുസ്തകം പേജ് 2 ൽ, 291.2 Kg.സ്റ്റീൽ പൊളിച്ചു നീക്കിയതായും, പേജ് 1 ൽ പൊളിച്ചെടുത്ത ജി ഐ സെക്ഷനുകൾ സുരക്ഷിതമായി സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്നും, സർവ്വെ റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക് സബ്മിറ്റ് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ പഞ്ചായത്ത് കമ്മിറ്റി ലേലം ചെയ്ത് മുതൽക്കൂട്ടിയതായി കാണുന്നില്ല. പൊളിച്ചെടുത്ത ജി ഐ സെക്ഷനുകൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 5) നൽകിയ മറുപടിയിൽ,ഇവയുടെ സ്ക്രാപ്പ് വാല്യൂ കണക്കാക്കി നൽകിയിട്ടുണ്ടെന്നും, ലേല നടപടികൾ പുരോഗിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. എത്രയും വേഗം ഇവ ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്.

## 1-35 ഹരിത കർമ്മസേനയ്ക്ക് വേണ്ടി വാങ്ങിയ ഇലക്ട്രിക്ക് പിക്ക്അപ്പ് ഓട്ടോ നാളിതുവരെ ഉപയോഗപ്രദമാക്കിയില്ല.

പ്രോജക്ട് നം.S-0110/22 -ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക്ക് പിക്ക്അപ്പ് ഓട്ടോ

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 105000

തനത്ഫണ്ട് -30000

കേന്ദ്രാവിഷ്കൃത ഫണ്ട് - 315000

ആകെ അടങ്കൽ -450000

ചെലവ് -432309

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക്ക് പിക്ക്അപ്പ് ഓട്ടോ വാങ്ങുന്നതിനായിരുന്നു അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രസ്തുതപ്രോജക്ടിന്റെ ലക്ഷ്യം. അതിൻപ്രകാരം Kuttukaran Greev Pvt. Ltd എന്ന സ്ഥാപനത്തിൽ നിന്ന് വാഹനം വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.821DIEV22000017 തീയതി.30.04.2022). പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് ടി വാഹനം നിലവിൽ ഉപയോഗിക്കുന്നില്ല. കൂടാതെ ഹരിതകർമ്മസേനയിലെ അംഗത്തിന് ഡ്രൈവിംഗിൽ പരിശീലനം നൽകി ഡ്രൈവറായി നിയമിച്ചിട്ടുമില്ല. നിലവിൽ ഈ വാഹനത്തിന്റെ അവസ്ഥ എന്താണ്? വാഹനം എവിടെ സൂക്ഷിച്ചിരിക്കുന്നു? എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/20.08.2022) പ്രസ്തുത വാഹനത്തിന്റെ സൈഡ് ബോഡി കവർ ചെയ്താൽ മാത്രമേ ലോഡ് സുരക്ഷിതമായി MCF ൽ എത്തിക്കാൻ സാധിക്കുകയുള്ളൂ എന്നും അതിനായി വാഹനം നിലവിൽ യുണൈറ്റഡ് മോട്ടോഴ്സിന്റെ വർക്ക്ഷോപ്പിൽ ആണെന്നും മറുപടി ലഭ്യമാക്കി. വാഹനം വാങ്ങിയതിന് ശേഷവും ഹരിതകർമ്മസേന ശേഖരിച്ച മാലിന്യം എംസിഎഫിലേക്ക് എത്തിക്കുന്നതിന്റെ വാഹന വാടകയിനത്തിൽ 04/22 മുതൽ 07/22 വരെ പ്രതിമാസം 8400/- രൂപ വീതം ചെലവഴിച്ചതായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.( ബിനു.ജി, സീനാഭവൻ എന്നയാൾക്ക് നൽകിയത് ) . വാഹനം അടിയന്തിരമായി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 ലൈഫ് മിഷൻ ഭവന നിർമ്മാണം - അവലോകനം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തുന്ന ലൈഫ് മിഷൻ ഭവന നിർമ്മാണം പദ്ധതിയിൽ 2018-19 വർഷം മുതൽ നാളിതുവരെ 292 പേർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അതിൽ 267 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി. 22 പേർ ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. കരാറിൽ ഏർപ്പെട്ടിട്ട് നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത 3 ഗുണഭേക്താക്കളാണ് ഉള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭേക്താവ് | ആദ്യഗഡു അനുവദിച്ച തീയതി | നൽകിയ ആകെ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ആനന്ദവല്ലി, എഴുപതിന്റെകളം, തോട്ടപ്പള്ളി, വാർഡ്-13 | 29.03.2019 | 40000 | അടിത്തറ നിർമ്മാണം പൂർത്തിയാക്കിയില്ല. (28.07.2020ലും 21.12.2020.ലും നോട്ടീസ് നൽകി) |
| 2 | രഞ്ജീവ്, നാഗപ്പറമ്പ് ലക്ഷം വീട്, വാർഡ്-6 | 18.08.2021 | 40000 | നിർമ്മാണം ആരംഭിച്ചില്ല. |
| 3 | ദേവസ്യ ജോസഫ്, മണച്ചിറയിൽ പുത്തൻപറമ്പ്, വാർഡ്-12 | 18.09.2021 | 4000 | നിർമ്മാണം ആരംഭിച്ചില്ല. |

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.) നം.34 /2018/ ത. സ്വ. ഭ. വ. തീയതി 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റി മാസങ്ങൾ പിന്നിട്ടിട്ടും അടിത്തറ നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾ പ്രവൃത്തി ചെയ്യുന്നുണ്ട് എന്നുറപ്പാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്വാൻസ് നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ശ്രീമതി. ആനന്ദവല്ലി, എഴുപതിന്റെകളം, തോട്ടപ്പള്ളി, എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം എൻ ജി ഒ യുടെ സഹായത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. മൂന്നുവർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താവിന്റെ കാര്യത്തിൽ അടിയന്തിര തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 07/11.08.2022 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

## 1-37 ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ - ഗ്രാമപഞ്ചായത്തിന് വൻ ബാദ്ധ്യത

ഗ്രാമപഞ്ചായത്തിലെ 1195 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിലെ ചെലവ് നിലവിൽ (08/2022) പ്രതിമാസം 5,76,388/- രൂപയാണ്. കേരള വാട്ടർ അതോറിറ്റിയുടെ 09.03.2022 ലെ ബിൽ നമ്പർ.61429 പ്രകാരം 03/2022ൽ കുടിശ്ശിക 14,30,65,890/- രൂപയാണ്. പ്രതിമാസ ഫൈൻ ശരാശരി 27,00,000 രൂപയോളമാണ്. 2019-20ലെ ഓഡിറ്റ് റിപ്പോർട്ടിലും വൻ കുടിശ്ശിക സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നെങ്കിലും കുടിശ്ശിക നിവാരണം നടത്തിയിട്ടില്ല. ഓഡിറ്റ് സമയത്തെ (ആഗസ്റ്റ് 2022) ബിൽ പ്രകാരം 15,87,15,156/- രൂപയാണ് വാട്ടർ ചാർജ്ജ് അടയ്ക്കാനുള്ളത്.

കേരള വാട്ടർ അതോറിറ്റി, ജലഭവൻ, തിരുവനന്തപുരം 20.03.2019 ൽ നൽകിയ കെ.ഡബ്ളിയു.എ/എച്ച്.ഒ/ആർ.എം.സി/ആർ6/154/19 നമ്പർകത്ത് പ്രകാരം 03/19 വരെയുള്ള കുടിശിക 7,72,49,060/- രൂപ വൺടൈം സെറ്റിൽമെന്റ് പ്രകാരം 3,71,42,664/- രൂപ ആയിട്ടുണ്ടെന്നും ആതിൽ 3,64,79,434/- രൂപ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടെന്നും ബാക്കി 3,71,42,664-3,64,79,434=6,63,230/- രൂപ ഒടുക്കിയാൽ ഗ്രാമ പഞ്ചായത്തിന്റെ കുടിശിക 0 ആയി മാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം കുടിശ്ശിക അടയ്ക്കൽ എന്ന പ്രോജക്ടിൽ (നം.02/20) ജല അതോറിറ്റിക്ക് 663230/- രൂപ (ബിൽ നം.16/24.12.2019) നൽകിയിട്ടുണ്ട്.

കുടിശ്ശിക 0 ആകുന്നതാണ് എന്ന് അറിയിച്ചതിൻ പ്രകാരം, 3/2019-ൽ 36479434/-രൂപയായിരുന്ന ഗ്രാമപഞ്ചായത്തിന് ബാധ്യത അവശേഷിച്ചിരുന്നത്. ഈ തുക 03/2022ൽ 14,30,65,890/- രൂപയായി വർദ്ധിച്ച . ഓഡിറ്റ് വർഷം( 2021-22) വിവിധ പ്രോജക്ടുകൾപ്രകാരം 1,20,78,609/- രൂപ വാട്ടർ ചാർജ്ജ് ഇനത്തിൽ ചെലവുണ്ട്. പ്രതിമാസം വാട്ടർ ചാർജ്ജ് അടയ്ക്കാത്ത് വൻതുക ഫൈൻ വരുന്നതിന് കാരണമായി. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ഉപയോഗശൂന്യമായ ടാപ്പുകൾ ഒഴിവാക്കാതിരുന്നതും ബാദ്ധ്യത വർദ്ധിക്കാൻ കാരണമായി. ആകെ 18 വാർഡുകൾ ഉള്ളതിൽ 4 വാർഡുകളിലെ പൊതുടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്.( വാർഡ് 1, 18, 11, 10) അവയിൽ 129 എണ്ണമാണ് ഉപയാഗശൂന്യമായി കണ്ടെത്തിയത്. ഇവയുടെ ചാർജ്ജ് ഉൾപ്പടെയാണ് ഇപ്പോഴും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. ബാക്കിയുള്ള വാർഡുകളിലെ പരിശോധന അടിയന്തിരമായി പൂർത്തിയാക്കുന്നതിനും ഉപയാഗശൂന്യമായി കണ്ടെത്തിയ കണക്ഷൻ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 3500 ൽ പരം കണക്ഷൻ നൽകിയതായി ജനറൽ കമ്മിറ്റിയുടെ 18.03.2022 ലെ 1(8)നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൊതുടാപ്പുകളുടെ എണ്ണം ആനുപാതികമായി കുറയ്ക്കേണ്ടതുണ്ട്.

അതോറിറ്റിക്ക് നാളിതുവരെ ഒടുക്കിയിട്ടുള്ള തുകയുടെ കൃത്യമായ വിവരം ഗ്രാമ പഞ്ചായത്തിന്റെ പക്കൽ ഇല്ലാത്തത് കുടിശ്ശിക ഒഴിവാക്കാനുള്ള തുടർ നടപടികൾക്ക് തടസ്സമാകുന്നു. കുടിശ്ശികയിനത്തിൽ പഞ്ചായത്ത് ഒടുക്കിയ തുകകൾ കൃത്യമായി വാട്ടർ അതോറിറ്റി ഡിമാന്റിൽ കുറവുവരുത്തുന്നുണ്ടെന്നുറപ്പാക്കുകയും ഡിമാന്റ് നോട്ടീസിൽ കാണിക്കുന്ന കുടിശ്ശിക തുകകൾ കൃത്യമാണെന്നുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 ഹോമിയോ ഇമ്യൂൺ ബൂസ്റ്റർ മരുന്ന് വാങ്ങൽ- പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല-

പ്രോജക്ട് നം –S0117/22 ഹോമിയോ ഇമ്യൂൺ ബൂസ്റ്റർ മരുന്ന് വാങ്ങൽ

അടങ്കൽ-100000/-(തനത് ഫണ്ട്)

ചെലവ് -100000/- ചെക്ക് നം -5499280 തീയതി 22.6.21

മെഡിക്കൽ ഓഫീസർ (ഹോമിയോ ) നിർവഹണം നടത്തിയ ഈ പ്രോജക്ടിലുൾപ്പെടുത്തി പ്രൊഫോർമ ഇൻവോയിസ് LF 623 തീയതി. 12.06.21പ്രകാരം 1ലക്ഷം രൂപ (QTY - 31746)ഹോംകോയിലേക്ക് നൽകിയിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി (നം.19/17.08.22) ക്ക് മറുപടി നൽകിയതു പ്രകാരം വാങ്ങിയ മരുന്നുകൾ ഒ.പി മുഖേന, വാർഡ് തലത്തിലും, ഓൺലൈൻ മുഖേനയും, സ്പോട്ട് രജിസ്ട്രേഷനിലൂടെയും വിതരണം ചെയ്തതായാണ് അറിയിച്ചിട്ടുള്ളത്.എന്നാൽ ടി മറുപടിയിലെ രേഖപ്പെടുത്തൽ പ്രകാരം വാങ്ങിയ മരുന്നുകളുടെ മൂന്നിൽ രണ്ട് ഭാഗം മാത്രമെ 10/21 വരെയും വിതരണം നടത്തിയിട്ടുള്ളൂ. ഇപ്രകാരം വിതരണം ചെയ്തതിൽ ബാക്കി വന്നത് 10934 QTY ആണെന്നാണ് അറിയിച്ചിട്ടുള്ളത്. അതിന് ശേഷം ഓഡിറ്റ് തീയതി വരെയും (20-08-22) ബാക്കിയുള്ളവ വിതരണം നടത്തിയിട്ടുമില്ല. ടി മരുന്നുകളുടെ കാലാവധി മാർച്ച് 2023 ൽ അവസാനിക്കുമെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച പദ്ധതിപ്പണം പാഴാകാത്ത രീതിയിൽ, വിതരണം ചെയ്യാതെ അവശേഷിക്കുന്ന മരുന്നുകൾ ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

## 1-39 പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനം സംബന്ധിച്ച്-

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ

ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക , അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങി കരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും , നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ തൻ വർഷം 08.09.2021, 22-11-21, 02-01-22 എന്നീ തീയതികളിലാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. ടി യോഗങ്ങളിൽ, തൻവർഷം ആസൂത്രണ സമിതി അംഗീകരിച്ച് സെക്രട്ടറി, അസ്സി.സെക്രട്ടറി, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഐസിഡിഎസ്സ് സൂപ്പർവൈസർ, വെറ്ററിനറി സർജൻ, എച്ച്.എം, എന്നിവർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലെ വാങ്ങലുകൾ സംബന്ധിച്ച ടെണ്ടർ അംഗീകരിച്ചും, അതിന്റെയടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യും തീരുമാനമെടുത്തിട്ടുണ്ട്. തൻവർഷം വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മയും, വിലനിലവാരവും കമ്മിറ്റി ഉറപ്പു വരുത്തുന്നതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കമ്മിറ്റിയിൽ മേൽ ഉത്തരവിൽ വിഭാവനം ചെയ്യുന്ന രീതിയിൽ അംഗങ്ങൾ ഉൾപ്പെട്ടതായി കാണുന്നില്ല. മൂന്നു കമ്മിറ്റികളിലും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, അസ്സി.സെക്രട്ടറി, ഒന്നോ, രണ്ടോ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ മാത്രമാണ് പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. മൂന്നുയോഗങ്ങളുടെയും മിനിറ്റ്സ് ക്ലോസ് ചെയ്ത് ഒപ്പു രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-40 പദ്ധതിയ്ക്കായി വകയിരുത്തപ്പെടുന്ന തുകയുടെ നല്ലൊരു ശതമാനവും ലഭ്യമാകുന്നില്ല - ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവ്

പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ സുലേഖയിൽ നിന്നുള്ള ചെലവ് കണക്കുകൾ പ്രകാരം ആകെ വകയിരുത്തിയിരുന്നത് 208595451 /- രൂപയായിരുന്നു. വിവിധയിനം ഗ്രാന്റുകൾ, ജില്ലാ, ബ്ലോക്ക് വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ളവ ഉൾപ്പെടെയായിരുന്നു ടി തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ തൻവർഷത്തെ ആകെ ചെലവ് 75047874/- രൂപ മാത്രമാണ്. ഇപ്രകാരം വകയിരുത്തിയിരുന്ന തുകയുടെ ലഭ്യത ഉറപ്പുവരുത്താതെ തുക വകയിരുത്തുന്നത് മൂലവും, ലഭ്യമായ ഗ്രാന്റുകൾ യഥാസമയം വിനിയോഗിക്കപ്പെടാത്തത് മൂലവുമാണ് ഇപ്രകാരം ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളത്. ചില നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിലും ഗണ്യമായ കുറവാണ് തൻ വർഷം ഉണ്ടായിട്ടുള്ളത്.വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| സെക്രട്ടറി | 49 | 40 | 34923135 | 27576948 |
| എച്ച്.എം,ജിഎൽപിഎസ്സ് | 9 | 6 | 1284476 | 887406 |
| വി ഇ ഒ,പുറക്കാട് | 11 | 7 | 72070081 | 9640880 |
| അസ്സി.സെക്രട്ടറി | 11 | 8 | 3850868 | 3006909 |
| വി ഇ ഒ, തോട്ടപ്പള്ളി | 11 | 6 | 51006991 | 9441611 |
| അസ്സി.എൻജിനീയർ | 41 | 21 | 20794836 | 6581706 |

| | | | | |
|---|---|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 8 | 4 | 3826000 | 864244 |

വിവിധ പദ്ധതികൾക്കായി നീക്കിവെയ്ക്കപ്പെടുന്ന തുക യഥാസമയം ലഭ്യമാക്കി, വിനിയോഗിക്കാത്തതു മൂലം നഷ്ടമാകുന്നത് അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങളാണ്. ആയത് വികസന പദ്ധതികളുടെ ആനുകൂല്യങ്ങൾ ജനങ്ങൾക്ക് അപ്രാപ്യമാകുന്ന സ്ഥിതി വിശേഷം സംജാതമാക്കുന്നു. കോവിഡ് പ്രതിസന്ധി സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിലുംപദ്ധതി ചെലവിലെ കുറവ് ആത്യന്തികമായി സാധാരണ ജനങ്ങളെയാണ് ബാധിച്ചിട്ടുള്ളത്. ഈ കുറവുകൾ പരിഹരിക്കുന്ന രീതിയിൽ തുടർ വർഷങ്ങളിൽ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെയും, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-41 ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നതിലെ അപാകതകൾ-

ഓഡിറ്റിന് ലഭ്യമാക്കിയ പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.വിവരങ്ങൾ അപൂർണ്ണം -

കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിർമ്മാണവർഷം, നിർമ്മാണ ചെലവ്, മെയിന്റനൻസ് സംബന്ധിച്ച വിവരങ്ങൾ എന്നിവ മിക്കവയിലും രേഖപ്പെടുത്തിയിട്ടില്ല. മെയിന്റനൻസ് സംബന്ധിച്ച വിവരങ്ങൾ, ചെലവഴിച്ച തുക എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളിടത്ത്, സർവ്വെ.നം., വില്ലേജ് വിവരങ്ങൾ, സ്ഥിതി ചെയ്യുന്ന വാർഡ് എന്നീ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ സ്ഥാപിച്ച സ്ഥലം, സ്ഥാപിച്ച പൈപ്പിന്റെ നീളം എന്നിവയല്ലാതെ രജിസ്റ്ററിലെ മറ്റു കോളങ്ങളിൽ യാതൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

റോഡുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളതിലും നിർമ്മാണവർഷം, മെയിന്റനൻസ് വിവരങ്ങൾ, റോഡിന്റെ തരം തുടങ്ങിയ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം നിരവധി കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷങ്ങൾക്ക് മുൻപുള്ള വർഷങ്ങളിലെയും നിർമ്മാണ പ്രവർത്തികളുടെ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തിയ വിവരങ്ങൾ തന്നെ കാലികമാക്കിയിട്ടുമില്ല.

2.ആധികാരികമാക്കിയിട്ടില്ല-

ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നതാണ്. അന്ന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റാഫിന്റെ അപര്യാപ്തതയും, ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം ലഭ്യമല്ലാതിരുന്നതിനാലുമാണ് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാൻ കഴിയാതിരുന്നതെന്നും, വിവരം പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ച് നിർദ്ദേശപ്രകാരമുള്ള മാറ്റങ്ങൾ വരുത്തുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ ഓഡിറ്റ് വേളയിലും ടി വിവരങ്ങൾ പരിശോധിച്ചതിൽ ഇക്കാര്യത്തിൽ യാതൊരു വിധ പുരോഗതിയും ഉണ്ടായതായി കാണുന്നില്ല. ആസ്തികൾ അന്യാധീനപ്പെട്ടു പോകാതെ, പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. ഓരോ വർഷവും വിവിധ പദ്ധതികൾ പ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ

## ഈടാക്കിയില്ല- അധിക ചെലവ്-10785/-രൂപ

11-ാം വാർഡിൽ പഴയചിറ-പള്ളിച്ചിറ റോഡ്- റീ-ടാറിംഗ്-പ്രൊജക്ട് നം.എസ്സ്.-0141/22

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പുതുക്കി പുറപ്പെടുവിച്ച 2012 ലെ പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തി പൂർത്തീകരണ കാലാവധിക്ക് ശേഷം പൂർത്തിയാക്കിയ പ്രവർത്തിയിൽ, കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരന്റെ അപേക്ഷയിൽ 16-11-21 ലെ 17(18)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം , തീരുമാനം കൈക്കൊള്ളുകയും, പൂർത്തീകരണ കാലാവധിയായ 6 മാസത്തിന് ശേഷം ഒരു വർഷം കൂടി പിഴ ഈടാക്കാതെ തന്നെ പൂർത്തീകരണ കാലാവധി നീട്ടി നൽകി. കാലാവധി നീട്ടി നൽകണമെന്നാവശ്യപ്പെട്ട് 12-11-21 ൽ ആണ് കരാറുകാരൻ അപേക്ഷ നൽകിയിട്ടുള്ളത്. കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട കാലാവധിക്ക് ശേഷം 10 മാസത്തിന് ശേഷം മാത്രമാണ് കരാറുകാരൻ അപേക്ഷ നൽകിയിട്ടുള്ളത്. ആയതിൽ തന്നെ കാരണമായി രേഖപ്പെടുത്തിയിട്ടുള്ളത് മഴയും, വെള്ളക്കെട്ടും, കോവിഡും മൂലമെന്നാണ് . പി.ഡബ്ല്യൂ.ഡി.മാനവലിലെ നിർദ്ദേശാനുസരണം (സെക്ഷൻ -2112) കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി തീരുന്നതിനു മുൻപായി കാലാവധി ദീർഘിപ്പിച്ചുനല്കുന്നതിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ 2021-22 ൽ പൂർത്തീകരണ കാലാവധി 31-07-21 മുതൽ 6 മാസത്തേക്ക് നീട്ടി നൽകിയിട്ടുണ്ട്.എന്നാൽ ഈ പ്രവർത്തിയിൽ കരാർ തീയതി മുതൽ ഒരു വർഷം വരെ പ്രവർത്തി നിർവ്വഹിക്കാതെയിരുന്നതിന് ശേഷമാണ് 12-11-21 ൽ കരാറുകാരൻ കാലാവധി നീട്ടി നൽകുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളത്. അളവു പുസ്തകം പരിശോധിച്ചതിൽ, 20-12-21 ൽ ആരംഭിച്ച ഈ പ്രവർത്തി കേവലം 10 ദിവസത്തിനുള്ളിൽ 31-12-21 ൽ പൂർത്തീകരിച്ചിട്ടുമുണ്ട്. ഇതിൽ നിന്നും കേവലം 10 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കാനാവുന്ന പ്രവർത്തിയായിരുന്നു ഇതെന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ ഒരു വർഷത്തിലധികം പൂർത്തീകരണ കാലാവധി നീട്ടി നൽകിയത് അംഗീകരിക്കാവുന്നതല്ല. ബില്ലിൽ നിന്നും ഫൈൻ ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു നൽകിയതു മൂലം കരാറുകാരന് അധികം നൽകിയ തുകയുടെയും, മറ്റനുബന്ധ വിവരങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു .

| | |
|---|---|
| നിർവ്വഹണം | അസ്സി.എൻജിനീയർ |
| കരാറുകാരൻ - | ഇസ്മയിൽ.എച്ച്. |
| എഗ്രിമെന്റ് നം. | 38/AE/PKD/MNR/19-20, Dt.29-06-20 |
| ബിൽ നം, തീയതി, തുക | 09/21-22,dt. 27.01.22<br>247046/- |
| PAC | 220577/- |
| M Book | 66/21-22 |
| പൂർത്തീകരണ കാലാവധി | 6 മാസം. |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 29-12-20 |
| പൂർത്തീകരിച്ച തീയതി | 30-12-21 |
| ഈടാക്കേണ്ട പിഴ | 29-03-21 വരെ – 1%-220577x1%=<br>Rs-2205/-(കാലാവധിയുടെ 50%)<br>30-03-21 മുതൽ 30-12-21 വരെ –<br>274ദിവസം=39 ആഴ്ച( ലിക്വിഡേറ്റഡ് ഡാമേജ്- 0.01%/ ആഴ്ച എന്ന നിരക്കിൽ =<br>220x39 ആഴ്ച = 8580/-<br>ആകെ – 2205+8580 =10785/- |
| ഈടാക്കിയ പിഴ | 0 |
| കുറവ് | 10785/- |

പി.ഡബ്ല്യൂ.ഡി.മാനവലിലെ നിർദ്ദേശത്തിന് വിരുദ്ധമായി പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിനും, ബില്ലിൽ നിന്നും ഫൈൻ ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു നൽകിയതിനും മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 25) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ പിഴയിനത്തിൽ ഈടാക്കാതിരുന്ന 10785/- രൂപ 16-11-21 ലെ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, നിർവ്വഹണ

ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നു.അധിക ചെലവ് 21760/-രൂപ നിരാകരിക്കുന്നു-

ദർഘാസ് പരസ്യങ്ങൾ" വിൻഡോ മാതൃകയിൽ," രണ്ട് കോളം (8cm)x (3 Cm)=24 $Cm^2$വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/ 04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . എന്നാൽ പുറക്കാട് ഗ്രാമപഞ്ചായത്ത് 2021-22സാമ്പത്തിക വർഷം പദ്ധതി രൂപീകരണം,നിർവഹണം, മോണിട്ടറിംഗ് ചെലവുകൾ എന്ന പ്രോജക്റ്റിൽപ്പെടുത്തി (പ്രോജക്റ്റ് നം.15/2022) താഴെപ്പറയുന്ന ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ ബിൽ പരിശോധിച്ചതിൽ അവ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി.

| ഇൻവോയിസ് നം./ തീയതി ദിനപത്രം | ബിൽ നം./ തീയതി | പരസ്യത്തിന്റെ വലുപ്പം | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം നൽകിയതുക |
|---|---|---|---|---|---|
| 321000049282/21.09.2021 മാതൃഭൂമി | 31/15.01.2022 | 8x6=48cm2 @275 | 13200/- | $3x8=24cm^2$ 6600/- | 6600 |
| 321000066665/07.11.2021 മാതൃഭൂമി | 31/15.01.2022 | 8x7=@27556cm2 | 15400 | $3x8=24cm^2$ 6600/- | 8800 |
| 321000112642/ 12.01.2020 മാതൃഭൂമി | 48/23.03.2022 | 8x5=40cm2 @260 | 10400 | $3x8=24cm^2$ 6600/- | 4160 |
| 321000081336/ 16.12.2021 മാതൃഭൂമി | 48/23.03.2022 | 8x4=32cm2 @275 | 8800/- | $3x8=24cm^2$ 6600/- | 2200 |
| ആകെ | | | | | 21760 |

ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 27/20.08.2022)മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ 21760/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ആയത് അധിക ചെലവിന് കാരണമായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 285000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 285000 | 0 |
| ആകെ | | | | 585000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | പാലിന് ഇൻസന്റീവ് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | എസ് സി കട്ടികൾക്ക് പഠനമുറി നിർമ്മാണം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 400000 | ലൈഫ്- ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | 400000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അങ്കണവാടി അനപൂരക പോഷകാഹാര പദ്ധതി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 429287 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 429287 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1010000 | ലൈഫ് ഭവനനിർമ്മാണം-മത്സ്യതൊഴിലാളി | 1010000 | 0 |
| ആകെ | | | | 2139287 | |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| Kseb | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | (1)42/11.02.22<br>(2)58/24.03.22 | 547390 | 195392 | 351998 |
| Kseb | പൊതുമരാമത്ത് പ്രവർത്തികൾക്ക് തടസ്സമായിനിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി വയ്ക്കൽ | (1)17/30.09.2021<br>(2) 24/01.12.2021<br>(3) 30/21.01.2022<br>(4)33/25.01.2022<br>(5)54/23.02.2022<br>(6)59/30.03.2022 | 237463 | 115038 | 122425 |
| Kseb | വൈദ്യുതിപോസ്റ്റ് നിലവിൽ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പോസ്റ്റ് ഇട്ട് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 51/22.03.2022 | 500000 | 0 | 500000 |
| KWA | ജല ജീവൻമിഷൻ കുടിവെള്ള പദ്ധതി പഞ്ചായത്ത് വിഹിതം അടവാക്കൽ | 52/23.03.2022 | 1000000 | 0 | 1000000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തീയതി | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| Life Mission | ലഭിച്ചിട്ടില്ല. | 47880000 | 41602666 | 4062667 | | 37539999 |

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-9 | 2007-08 | 3-21-2 | ഫിഷറീസ് ഇൻസ്പെക്ടർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ | ഫയലുകൾ പരിശോധിക്കുവാൻ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് |
| 2003-04 | 2-4 | 2007-08 | 3-21-2 | രേഖകളുടെ അഭാവത്തിൽ സെക്രട്ടറി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ ചെലവ് തടസപ്പെടുത്തുന്നു | തീർപ്പാക്കാതെ തുടരുന്നു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 103541240/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 98260674/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 21760/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2889966/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 21,760 | അനീഷാ ബീഗം, സെക്രട്ടറി. |
| ആകെ | | 21,760/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 10741/- | അനീഷാ ബീഗം, സെക്രട്ടറി |
| 1-15 | 326617/- | സെലീന മോൾ, സെക്രട്ടറി |
| 1-17 | 215994/- | റെജി അലക്സ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-18 | 158900/- | റെജി അലക്സ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-19 | 974423/- | അനീഷാ ബീഗം, സെക്രട്ടറി |
| 1-20 | 1000000/- | അനീഷാ ബീഗം, സെക്രട്ടറി |
| 1-22 | 73303/- | ഡോ.പ്രീതി, മെഡിക്കൽ ഓഫീസർ(പി.എച്ച്. സി) |
| 1-24 | 129988/- | അനീഷാ ബീഗം, സെക്രട്ടറി |
| ആകെ | 2889966/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 4320/- | റെജി അലക്സ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-23 | 2143/- | അനീഷാ ബീഗം, സെക്രട്ടറി |
| 1-31 | 3280/- | 1093/-അനീഷാ ബീഗം, സെക്രട്ടറി |
| | | 1093/-സുരേഷ് എ,അസിസ്റ്റന്റ് സെക്രട്ടറി |
| | | 1094/-അർജ്ജുൻ.കെ.എസ്, എ.ഇ, എം.എൻ.ആർ.ഇ.ജി.എ വിഭാഗം |
| 1-32 | 2184/- | 728/-അനീഷാ ബീഗം, സെക്രട്ടറി |
| | | 728/-സുരേഷ് എ,അസിസ്റ്റന്റ് സെക്രട്ടറി |
| | | 728/-അർജ്ജുൻ.കെ.എസ്, എ.ഇ, എം.എൻ.ആർ.ഇ.ജി.എ വിഭാഗം |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനീഷാ ബീഗം, സെക്രട്ടറി | സെക്രട്ടറി, പുറക്കാട് ഗ്രാമപഞ്ചായത്ത് | പുളിമൂട്ടിൽ, വട്ടയാൽ വാർഡ്, തിരുവമ്പാടി.പി.ഒ, ആലപ്പുഴ |
| സെലിനമോൾ.എഫ്, സെക്രട്ടറി | സെക്രട്ടറി, എഴുപുന്ന ഗ്രാമപഞ്ചായത്ത് | ആമക്കാട്ടുവെളി, മുഹമ്മ.പി.ഒ, ആലപ്പുഴ |
| സുരേഷ്.എ, അസി.സെക്രട്ടറി | കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് | ആതിര, പുറക്കാട് പി ഒ |
| സിസി ആന്റണി, എ.ഇ | എ.ഇ, പുറക്കാട് ഗ്രാമപഞ്ചായത്ത് | കണ്ണോത്ത് പറമ്പിൽ, ചാത്തനാട്, അവലൂക്കുന്ന്.പി.ഒ, ആലപ്പുഴ |
| റെജി അലക്സ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ, പുറക്കാട് | നെടുംപറമ്പിൽ ഹൗസ്, പനച്ചിക്കാവ് പി.ഒ, ചങ്ങനാശ്ശേരി. |
| അർജ്ജുൻ.കെ.എസ്, എ.ഇ, എം.എൻ.ആർ.ഇ.ജി.എ വിഭാഗം | എ.ഇ, എം.എൻ.ആർ.ഇ.ജി.എ വിഭാഗം, പുറക്കാട് ഗ്രാമപഞ്ചായത്ത് | കരക്കാച്ചിറയിൽ വീട്, സേതുലക്ഷ്മീപുരം.പി.ഒ, ആലപ്പുഴ |
| ഡോ.പ്രീതി, മെഡിക്കൽഓഫീസർ, പി.എച്ച്.സി, പുറക്കാട് | മെഡിക്കൽഓഫീസർ, പി.എച്ച്.സി, പുറക്കാട് | നവനീതം, കരൂർ, അമ്പലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 1999-00 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2001-02 (ചെലവ്) | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2006-07 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2007-08 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2008-09 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2009-10 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2010-11 | എൽ.എഫ്.എ പി8- 1091/12/20.11.2012/16.01.2013 |
| 2011-12 | എൽ.എഫ്.എ പി8- 373/14/26.05.2014 |
| 2012-13, 2013-14 | എൽ.എഫ്.എ പി8- 1826/14/05.02.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-839/16 തീയതി. 30.07.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി12-1305/16 തീയതി. 02.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി12-1244/17 തീയതി. 25.10.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി.പി12/118/19 തീയതി. 08.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.12/1031/2019 തീയതി. 03.12.2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.12/1061/2021/03.01.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.12/1062/2021/24.02.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## 16/11/2021 ലെ കമ്മറ്റിയിൽ പങ്കെടുത്തവർ

| ക്രമ നം. | വാർഡിന്റെ പേര് | പേര് | മേൽവിലാസം |
|---|---|---|---|
| 1. | പായൽകുളങ്ങര | ശ്രീദേവി | നടുവിലെ മഠത്തിൽ പറമ്പ്, കരൂർ |
| 2. | കരൂർ വടക്ക് | രാജീവൻ | രാജേഷ്ഭവൻ, കരൂർ |
| 3. | കരൂർ കിഴക്ക് | രാഹുൽ | റാണിമന്ദിരം, കരൂർ |
| 4. | കരൂർ | വി.എസ് മായാദേവി | നെൽപ്പുരപറമ്പ്, പുറക്കാട് |
| 5. | പഴയങ്ങാടി | അഡ്വ.വി.എസ് ജിനരാജ് | കുറ്റിക്കാട്, പുറക്കാട് |
| 6. | തൈച്ചിറ | ബിന്ദുമോൾ.യു | കൈലാസം, പുറക്കാട് |
| 7. | നാലുചിറ | പ്രിയ അജേഷ് | അമൃതാലയം നാലുചിറ |
| 8. | തോട്ടപ്പള്ളി | സുനി | പുതുവൽ(പനമൂട്ടിൽ) തോട്ടപ്പള്ളി |
| 9. | ഹാർബർ | രാജേശ്വരി കൃഷ്ണൻ | പോളേവാതുക്കൽതോട്ടപ്പള്ളി |
| 10. | സ്പിൽവേ കിഴക്ക് | ലീന രജനീഷ് | മണിഭവനം (പാലപറമ്പ്)തോട്ടപ്പള്ളി |
| 11. | ചേന്നങ്കര | സി.രാജു | പുന്നമൂട് തോട്ടപ്പള്ളി |
| 12 | ആനന്ദേശ്വരം | വി. ശശികാന്തൻ | വൈശാഖം, പുന്തല, പുറക്കാട് |
| 13 | പുന്തല | അമ്മിണി വിജയൻ | പീടികപറമ്പ് പുന്തല, പുറക്കാട് |
| 14 | പുത്തൻനട | ജി സുഭാഷ് കുമാർ | പടിഞ്ഞാറേമൂരിപ്പാറ പുറക്കാട് |
| 15 | പഞ്ചായത്താഫീസ് | ഡി മനോജ് | കാവുപറമ്പ് പുറക്കാട് |
| 16 | പുറക്കാട് | ഫാസിൽ | പുത്തൻവീട് പുറക്കാട് |
| 17 | പഴയപുറക്കാട് | എ.എസ് സുദർശനൻ | അഴിക്കകത്ത് തോപ്പ് പുറക്കാട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്